# ഏഷ്യൻ വിത്തുനിയമങ്ങൾ - കർഷകന്റെ വിത്തവകാശത്തിൻമേലുള്ള കടന്നുകയറ്റം



save our rice

# ഏഷ്യൻ വിത്തുനിയമങ്ങൾ-
# കർഷകന്റെ വിത്തവകാശത്തിൻമേലുള്ള
# കടന്നുകയറ്റം

save our rice

Thanal

# ഏഷ്യൻ വിത്തുനിയമങ്ങൾ- കർഷകന്റെ വിത്തവകാശത്തിൻമേലുള്ള കടന്നുകയറ്റം

PANAP ഉം GRAIN ഉം സംയുക്തമായി പ്രസിദ്ധീകരിച്ച "ASIA'S SEED LAWS-CONTROL OVER FARMERS SEEDS " എന്ന Fact Sheet ആസ്പദമാക്കി തയ്യാറാക്കിയത്.


| | | |
|---|---|---|
| വിവർത്തനം | : | ലെനീഷ് കെ. |
| കവർ പെയിന്റിംഗ് | : | ധനരാജ് കീഴറ |
| ഫോട്ടോ | : | സഹജസംമൃദ്ധ, ബാംഗ്ലൂർ<br>തണൽ, തിരുവനന്തപുരം |
| അച്ചടി | : | ആർഷ ഓഫ്സെറ്റ്, തിരുവനന്തപുരം |
| ആദ്യപതിപ്പ് | : | ഒക്ടോബർ 2010 |
| കോപ്പികൾ | : | 1000 |

Save Our Rice Campaign

തണൽ, എച്ച്-3
ജവഹർനഗർ, കവടിയാർ പി.ഒ.,
തിരുവനന്തപുരം-695003
ഫോൺ: 0471-2727152/2727150
Email: admin@thanal.co.in
website:www.save-our-rice.net
www.thanal.co.in

കഴിഞ്ഞ രണ്ട് ദശകങ്ങളായി ഇന്ത്യയിൽ കർഷക പ്രതിസന്ധി രൂക്ഷമായികൊണ്ടിരിക്കുകയാണ്. കൃഷിയുമായി ബന്ധപ്പെട്ട ദേശീയ നയങ്ങളിൽ വന്ന മാറ്റമാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണം. കൃഷിച്ചിലവ് കൂടിയതും ഉത്പന്നങ്ങളുടെ വിലയിടിഞ്ഞതും കർഷകരുടെ ഭാവിയെ അനിശ്ചിതത്വത്തിലാക്കി.

ഇതിനിടയിലാണ് 2004ൽ കർഷകരുടെ അടിസ്ഥാന അവകാശങ്ങളെപ്പോലും ചോദ്യംചെയ്തുകൊണ്ട് പുതിയൊരുബില്ല്- വിത്തുബില്ല്- കേന്ദ്രസർക്കാർ കൊണ്ടുവന്നത്. വിവിധ സംസ്ഥാനങ്ങളിൽ ഒട്ടേറെ ചർച്ചകൾക്കും പ്രക്ഷോഭങ്ങൾക്കും വരെ ഇടയാക്കിയ ഈ ബില്ല് 6 വർഷത്തിനുശേഷം ഭേദഗതികളോടെ 2010 ൽ വീണ്ടും പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടു.

എന്തുകൊണ്ട് വിത്തുബില്ല്? ആരെ നിയന്ത്രിക്കാനാണ് ഇത്തരമൊരു ബില്ല്? ഈ ചോദ്യം ചോദിക്കുമ്പോഴാണ് കഴിഞ്ഞ രണ്ട് ദശകങ്ങളായി അന്താരാഷ്ട്ര തലത്തിലും പ്രാദേശിക തലത്തിലും വരുന്ന നയപരമായ മാറ്റങ്ങളെക്കുറിച്ച് അറിയേണ്ടത്. ഈ അവസരത്തിലാണ് മലേഷ്യ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Pesticide Action Network- Asia and the Pacific (PANAP) എന്ന സംഘടനയും Grain എന്ന സംഘടനയും ചേർന്ന ഏഷ്യൻ വിത്തുനിയമങ്ങൾ-കർഷകന്റെ വിത്തിൻമേലുള്ള നിയന്ത്രണം (Asia's Seed Laws- Control Over Farmers Seeds) എന്ന പേരിൽ ഒരു Fact Sheet പുറത്തിറക്കുന്നത്. കൃഷിയും ഭക്ഷ്യസുരക്ഷയും ഏറെ ചർച്ചാവിഷയമായി മാറിയിരിക്കുന്ന കേരളത്തിൽ, വിത്തിൻമേലുള്ള പരമാധികാരം (Seed Sovereignty) ഒരു നയമായി സർക്കാർ അംഗീകരിച്ചിരിക്കേ, ഏഷ്യൻ രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വിത്തുസംരക്ഷണവും അവകാശവുമായി ബന്ധപ്പെട്ട മാറ്റങ്ങൾ നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം കേന്ദ്രസർക്കാർ മുമ്പോട്ടുവെച്ചിരിക്കുന്ന വിത്തുബില്ല്-2010 നമ്മൾ മനസ്സിലാക്കേണ്ടത്.

## ഏഷ്യൻ വിത്തുനിയമങ്ങൾ– കർഷകന്റെ വിത്തവകാശത്തിൻമേലുള്ള കടന്നുകയറ്റം

### 1.0 ആമുഖം

കർഷകനും വിത്തും തമ്മിലുള്ള ബന്ധമാണ് ഒരുപരിധിവരെ കൃഷി. ഭൂമിശാസ്ത്രം, ജലത്തിന്റെ ലഭ്യത, കാലാവസ്ഥ, ജൈവസമ്പത്ത് തുടങ്ങിയ പ്രാദേശിക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് കർഷകർ വിത്തുകൾ തിരഞ്ഞെടുക്കുന്നത്. പ്രാദേശികമായ ചില ധാരണകളുടെ അടിസ്ഥാനത്തിൽ കർഷകർ വിത്തുകൾ പരസ്പരം കൈമാറുകയും പുതിയ വിത്തിനങ്ങൾ വികസിപ്പിക്കുകയും വിളവെടുപ്പിനൊടുവിൽ വരുംവർഷത്തേക്ക് ആവശ്യമായ വിത്തുകൾ ശേഖരിക്കുകയും ചെയ്യുന്നു.

ആയിരക്കണക്കിന് വർഷങ്ങളായി കർഷകർ ആസ്വദിച്ചുവരുന്ന ഈ സ്വാതന്ത്ര്യങ്ങളുടെ തുടർച്ച ഇന്ന് അനിശ്ചിതാവസ്ഥയിലാണ്. ലോകവ്യപകമായി രൂപംകൊണ്ടുവരുന്ന പുത്തൻ വിത്തുനിയമങ്ങൾ വിത്ത് ഉത്പാദിപ്പിക്കുവാനും ശേഖരിക്കുവാനും പുതിയ വിത്തുകൾ വികസിപ്പിക്കുവാനുമുള്ള കർഷകന്റെ അവകാശങ്ങൾ എന്നെന്നേക്കുമായി നിഷേധിക്കും.

കഴിഞ്ഞ ഏതാനും ദശകങ്ങളായി ഏഷ്യയിലെ സർക്കാറുകൾ കാർഷിക മേഖലയോട് വിശിഷ്യാ വിത്തുസംബന്ധമായ വിഷയങ്ങളിൽ സ്വീകരിക്കുന്ന സമീപനത്തിൽ പ്രകടമായ വ്യതിയാനങ്ങൾ ദൃശ്യമാണ്. കാലാകാലങ്ങളായി വിത്തിൻമേലുള്ള അവകാശം പ്രാദേശിക കർഷക സമൂഹങ്ങൾക്കാണ് എന്നതിനാൽ വിത്തുകളിലെ വൈവിധ്യം അനേകമാണ്. വിത്തുമായി ബന്ധപ്പെട്ട് അനേകായിരം കാർഷിക സമൂഹങ്ങളും ആചാരങ്ങളുമാണ് ഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നത്.

കർഷകർ നടത്തുന്ന വിത്ത് കൈമാറ്റമാണ് ഏഷ്യൻ കാർഷിക സമൂഹങ്ങളുടെ പൊതു സവിശേഷത. ഇവിടെ വിത്തിന്റെ അവകാശം കർഷകനാണ് എന്നതാണ് പരമപ്രധാനം. കർഷകർ സ്വന്തമായി വിത്തുകൾ ഉത്പാദിപ്പിക്കുകയും പരസ്പരം

കൈമാറുകയും ചെയ്യുന്നിടത്തോളം വിത്തുകമ്പനികൾക്ക് അവരുടെ വിത്തുകൾ വിൽക്കാൻ കഴിയുകയില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് കർഷകന്റെ വിത്തുകളെ നിരോധിച്ചു കൊണ്ടും വിത്തുകൾക്കുമുകളിൽ നികുതി ഏർപ്പെടുത്തിയും നിയന്ത്രിക്കാൻ ഭരണ സംവിധാനങ്ങളെ സ്വാധിനിച്ചുകൊണ്ട് വിത്തുകുത്തകകൾ ശ്രമിക്കുന്നത്. വിത്തുനിയമങ്ങൾ രൂപീകരിക്കുകവഴി കുത്തകകൾ ഉത്പാദിപ്പിക്കുന്ന വിത്തുകൾ അവരുടെ വ്യവസ്ഥകൾ അനുസരിച്ച് വാങ്ങിയുപയോഗിക്കുവാൻ സർക്കാർ കർഷകരെ നിർബന്ധിക്കുകയാണ്.

## 2.0 കർഷകരുടെ വിത്തവകാശത്തിൻമേലുള്ള ഭീഷണി

കഴിഞ്ഞ അമ്പതുവർഷങ്ങളായി കർഷകരുടെ വിത്തവകാശത്തിൻമേൽ സർക്കാരിന്റെയും സ്വകാര്യ കമ്പനികളുടെയും കടന്നുകയറ്റം ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ തുടരുന്നു. ഒരുവശത്ത് സർക്കാർ കർഷകരുടെ മേൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി, മറുവശത്ത് സ്വകാര്യ കുത്തകകൾക്ക് ഏറിയതോതിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് വിത്തുമേഖല തുറന്നു കൊടുക്കുന്നു. ആദ്യം ദേശീയ കാർഷിക ഗവേഷണ സ്ഥാപനങ്ങളും അതിനുപിന്നാലെ സ്വകാര്യ വിത്തുകമ്പനികളും കോർപ്പറേറ്റ് ശാസ്ത്രജ്ഞരും ചേർന്ന് കർഷകരുടെ വിത്തുകൾക്കുമേൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നു.

ഹരിതവിപ്ലവമെന്ന് ഓമനപ്പേരിട്ട് 1960-കളിൽ തുടങ്ങിയ കൃഷിയുടെ വ്യവസായവത്ക്കരണമാണ് ഈമേഖലയിലെ ആദ്യത്തെ സംഘടിത കടന്നുകയറ്റം. അത്യുത്പാദന ശേഷിയുള്ള വിത്തുകളുമായിട്ടായിരുന്നു ഹരിത വിപ്ലവത്തിന്റെ അരങ്ങേറ്റം. ഇക്കാലത്ത് നെല്ലിന്റെയും ഗോതമ്പിന്റെയും ചോളത്തിന്റെയും അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ പുറത്തിറങ്ങി. പ്രസ്തുത വിത്തുകൾക്ക് ഏറിയ തോതിലുള്ള മുതൽമുടക്കും പരിചരണവും ആവശ്യമായിരുന്നു. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ജലസേചനവും വളപ്രയോഗവും നടത്തിയില്ലെങ്കിൽ മേനിയിൽ പ്രകടമായ കുറവ് ദൃശ്യമായിരുന്നു. ഹരിത വിപ്ലവം മുതൽ ദശാബ്ദങ്ങളായി തുടരുന്ന രാസവള പ്രയോഗം മണ്ണിന്റെ ജൈവഘടനയെ മാറ്റി. ഉയർന്ന തോതിൽ മുതൽമുടക്കുമ്പോഴും

കൃഷിയിൽനിന്നും വരുമാനം കുറയുന്ന അവസ്ഥ ഇതോടുകൂടി സംജാതമായി. ആധുനിക വിത്തുകളുടെ രംഗപ്രവേശനം പാരമ്പര്യ വിത്തുകളുടെ തിരോധാനത്തിന്റെ തുടക്കമായിരുന്നു. സർക്കാർ ആധുനിക വിത്തുകൾക്ക് നൽകിവന്ന പ്രോത്സാഹനവും സാമ്പത്തിക സഹായവും അവയുടെ ഉത്പാദന മികവിനേക്കാൾ കർഷകരെ ആകർഷിച്ചു. 1980 കളിലും 1990 കളിലും പുതിയ നൂറ്റാണ്ടിന്റെ ആരംഭത്തിലും ഈ പ്രവണത തുടർന്നു. ഫിലിപ്പൈൻസ് സർക്കാർ 1995ൽ ഹൈവാല്യു ക്രോപ്പ് ഡെവലപ്പ്മെന്റ് ആക്ട് (HVCDA) എന്ന നിയമം പാസാക്കുകയും ഈ നിയമത്തിന്റെ സഹായത്താൽ പാരമ്പര്യ വിത്തിനങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. പാരമ്പര്യവിത്തുകളെ ഉപേക്ഷിച്ച് പുതിയ വിത്തിനങ്ങളെ സ്വീകരിക്കുന്നവർക്ക് നികുതിയിളവടക്കം ഉയർന്ന സാമ്പത്തിക സഹായങ്ങളാണ് ഫിലിപ്പൈൻസ് നൽകി വരുന്നത്. 1960 മുതൽ 1980 വരെയുള്ള വർഷങ്ങളിൽ ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ വിത്തുഗവേഷണ സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ ലോകബാങ്ക് സഹായം നൽകി. വിത്ത് നിയമങ്ങൾ രൂപീകരിക്കുവാൻ അന്താരാഷ്ട്ര ഭക്ഷ്യ സംഘടനയും (FAO) രാജ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. വിത്തുകളെ നിയമപ്രകാരം രജിസ്ട്രേഷനും സർട്ടിഫിക്കേഷനും വിധേയമാക്കി നിശ്ചിത വിലയിൽ വിപണിയിലിറക്കാൻ വിത്തുനിയമങ്ങൾ കാരണമായി.



ഇന്ത്യ 1966 ൽ പാസാക്കിയ ഇന്ത്യൻ വിത്തുനിയമം ഇതിന് ഉദാഹരണമാണ്. 1970 കളുടെ മധ്യത്തിൽ USAID സഹായത്തോടുകൂടി തായ്‌ലാന്റ് വിത്ത് ഡിവിഷൻ രൂപീകരിക്കുകയുണ്ടായി. വിത്തുവികസന കേന്ദ്രങ്ങൾ രാജ്യത്തുടനീളം സ്ഥാപിക്കാൻ USAID തായ്‌ലാന്റിനെ സഹായിച്ചു. ഇത്തരത്തിൽ പുറത്തുനിന്നുള്ള സമ്മർദ്ദത്തിന്റെ ഫലമായാണ് ഒട്ടുമിക്ക രാജ്യങ്ങളും ദേശീയ വിത്തുഗവേഷണ സ്ഥാപനങ്ങൾ രൂപീകരിച്ചത്. ഇന്ത്യയിലെ ദേശീയ വിത്ത് കോർപ്പറേഷന്റെയും (NSC) ബംഗ്ലാദേശിലെ കാർഷിക വികസന

കോർപ്പറേഷന്റെയും (BADC) ജന്മം ഇപ്രകാരമാണ്.സ്വകാര്യ സ്ഥാപനങ്ങൾക്ക് ഭാവിയിൽ സഹായമാകും വിധമായിരുന്നു ഇത്തരം സ്ഥാപനങ്ങൾ രൂപീകരിച്ചത് എന്നത് ശ്രദ്ധേയമാണ്. വിത്ത് നിയമങ്ങൾ സമ്പദ്‌വ്യവസ്ഥക്ക് അനിവാര്യമാണെന്നതിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് യാതൊരുസംശയവും ഉണ്ടായിരുന്നില്ല. കൃഷിയുമായി പുലബന്ധംപോലും ഇല്ലാതിരുന്ന കമ്പനികൾ പോലും വിത്ത് ഉത്പാദനവും വിത്ത് വിതരണവുമായി രംഗപ്രവേശനം ചെയ്യാൻ വിത്തുനിയമങ്ങൾ കാരണമായി. ആധുനിക വിത്തിനങ്ങൾക്ക് ഒട്ടേറെ പോരായ്മകൾ ഉണ്ടായിരുന്നു. വിവിധ ഘട്ടങ്ങളിൽ കർഷകർ ഇത് ചൂണ്ടിക്കാണിച്ചതാണ്. മേൽവിലാസമില്ലാത്ത നിരവധി കമ്പനികൾ പ്രവർത്തിച്ചിരുന്നു. പലവിത്തുകളും മുളച്ചില്ല. ഇതിനുകാരണം വിത്ത് ഉത്പാദന സ്ഥാപനങ്ങൾക്കുമേൽ നിയന്ത്രണമില്ലാത്തതാണെന്ന കർഷകരുടെ വാദവുമായിട്ടായിരുന്നു കുത്തക കമ്പനികൾ രംഗത്തിറങ്ങിയത്. വിത്തിന്റെ നിലവാരം ഉറപ്പുവരുത്താൻ കർക്കശമായ നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് അവർ വാദിച്ചു. ഇത്തരത്തിൽ രൂപംകൊണ്ട വിത്തുനിയമങ്ങൾ കർഷക താൽപ്പര്യങ്ങൾക്ക് എതിരാണെന്നും സർക്കാർ സംവിധാനങ്ങൾ കുത്തകകളെയാണ് സഹായിക്കുന്നതെന്നും കർഷകർക്ക് ഇതുവരെ ബോധ്യമായിട്ടില്ല. ഒട്ടുമിക്ക രാജ്യങ്ങളും വിത്ത് നിയമങ്ങൾ രൂപീകരിച്ചുകഴിഞ്ഞു.

വിത്തിനുവേണ്ടി പ്രത്യേക നിയമങ്ങൾ ഇല്ലാതിരുന്ന രാജ്യങ്ങൾ പോലും കേന്ദ്രീകൃത സംവിധാനങ്ങൾ വഴി കർഷകരെ സംഘടിപ്പിക്കുകയും സാങ്കേതിക സഹായമെന്ന രൂപത്തിൽ ആധുനിക കാർഷിക രീതികൾ അടിച്ചേൽപ്പിക്കുകയും ചെയ്തു. 1973ൽ മലേഷ്യൻ സർക്കാർ രൂപീകരിച്ച കർഷക സംഘങ്ങളുടെ അതോറിറ്റി ഇതിന് ഉദാഹരണമാണ്. പ്രസ്തുത അതോറിറ്റിക്ക് കർഷക സഹകരണ സംഘങ്ങളെ കേന്ദ്രീകൃത നിയന്ത്രണങ്ങൾക്ക് കീഴിൽ കൊണ്ടുവരാൻ കഴിയും. ഇത്തരം അതോറിറ്റികൾ കാർഷിക സഹകരണ സംഘങ്ങളെ നിരീക്ഷിക്കുന്നു. ഈ കാർഷിക സംഘങ്ങൾ സർക്കാർ-സർക്കാരിതര ഏജൻസികളുമായി സാങ്കേതിക സഹകരണം ഉണ്ടാക്കി സംസ്ഥാന കാർഷിക വകുപ്പുകളിൽനിന്നും കർഷകർക്ക് വിത്തുകളെത്തിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ഉദാഹരണത്തിന് അന്താരാഷ്ട്ര ഭക്ഷ്യ സംഘടന രാസവളങ്ങളും ആധുനിക വിത്തുകളും സബ്സിഡി നിരക്കിൽ ഇവയിലൂടെ നൽകി വരുന്നു.

ഇക്കാലത്ത് വിത്തുത്പാദകരുടെ പുതിയൊരു തലമുറ ഉയർന്നുവന്നു. മിക്കവാറും പടിഞ്ഞാറൻ സർവകലാശാലകളിൽനിന്നും ബിരുദം നേടിയ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി രൂപം നൽകിയ ദേശീയ വിത്തുത്പാദന പദ്ധതികളായിരുന്നു ഇവ. പാരമ്പര്യ വിത്തിനങ്ങളെ പഴഞ്ചനെന്നും മേനികുറഞ്ഞതെന്നും വിലകുറച്ചുകണ്ട് ദേശീയ വിത്ത് ഗവേഷണ സ്ഥാപനങ്ങൾ ആധുനിക വിത്തുകളെ പ്രോത്സാഹിപ്പിച്ചു. ഭൂമിശാസ്ത്ര കാലാവസ്ഥാ വ്യത്യാസങ്ങളെ മാനിക്കാതെ ഒരേയിനം വിത്തുകൾ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി കർഷക സമൂഹവും കാർഷികവ്യവസ്ഥയും പ്രതിസന്ധിയിലായി. ഹൈബ്രിഡ് സാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. അനുകൂല സാഹചര്യത്തിൽ ഹൈബ്രിഡ് വിത്തിനങ്ങൾ ആദ്യതവണ ഉയർന്ന മേനി നൽകുമായിരുന്നു. ഹൈബ്രിഡ് സാങ്കേതികവിദ്യ സോയബീനിലും ചോളത്തിലും അരിച്ചോളത്തിലുമായിരുന്നു ആദ്യഘട്ടത്തിൽ വ്യാപകമായി ഉപയോഗിച്ചിരുന്നത്. 1980 കളിൽ ചൈന ആദ്യമായി നെല്ലിൽ ഹൈബ്രിഡ് സാങ്കേതികവിദ്യ ഉപയോഗിച്ചു. തുടർന്ന് നെല്ലിലും ഗോതമ്പിലും പ്രസ്തുത സാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കപ്പെട്ടു.

ജനിതക സാങ്കേതികവിദ്യ 1980 കളിൽ കാർഷിക മേഖലയിൽ ഉപയോഗിച്ചുതുടങ്ങി. മോൺസാന്റോ, നൊവാർട്ടിസ്, സിൻജെന്റ തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികൾ ജനിതക സാങ്കേതിക രംഗത്ത് വൻ കുതിപ്പുകൾ നടത്തി. ഇവർ വിളകളുടെ ജനിതക ഘടനയിൽ മാറ്റം വരുത്തി ഒട്ടനവധി വിളകൾ വികസിപ്പിച്ചെടുത്തു. പിന്നീട് അവർ അത്തരം വിളകൾക്ക് സമ്പൂർണ്ണ വാണിജ്യ കുത്തക നേടിയെടുത്തു. ഇതിനർത്ഥം കമ്പനികൾക്ക് വിളകളുടെമേൽ സമ്പൂർണ്ണ അധികാരം ഉണ്ടെന്നതാണ്. ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത വിളകൾക്ക് വ്യവസായ പാറ്റന്റ് നേടിയെടുക്കാൻ കമ്പനികൾക്ക് കഴിഞ്ഞു. ദേശീയ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ വിത്തുകളുടെ ഉത്പാദനവും വിപണനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇളവുകൾ അനുവദിച്ചസ്ഥാനത്ത് കുത്തകയാണ് വിത്തുകമ്പനികൾ ആസ്വദിക്കുന്നത്. സർക്കാർ സംവിധാനങ്ങളാകട്ടെ കർഷകരെയും ഗവേഷകരെയും രജിസ്റ്റർ ചെയ്ത ഇനങ്ങളടക്കം ആവശ്യത്തിനനുസരിച്ച് വിത്തുകൾ ഉത്പാദിപ്പിക്കുവാൻ അനുവദിച്ചിരുന്നു.

## ബംഗ്ലാദേശിലെ വിത്തുമേഖല പൊതുമേഖലയിൽ നിന്നും സ്വകാര്യമേഖലയിലേക്ക്

അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ഉത്പാദനം, വിതരണം എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് പൊതുമേഖലാ ഉടമസ്ഥതയിൽ 1960 കളിൽ ബംഗ്ലാദേശ് കാർഷിക വികസന കോർപ്പറേഷൻ (BADC) സ്ഥാപിതമായത്. IRRI യുടെ സഹായത്തോടെ ബംഗ്ലാദേശ് നെൽവികസന സ്ഥാപനം 1970 കളിൽ തുടങ്ങി. ഇതേ സമയത്ത് തന്നെയാണ് ബംഗ്ലാദേശ് ചണഗവേഷണ സ്ഥാപനം സ്ഥാപിക്കപ്പെട്ടത്. അത്യുത്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ച് കാർഷിക സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ഇതിന്റെ തുടർച്ചയായിരുന്നു 1976 ൽ പ്രവർത്തനം ആരംഭിച്ച ബംഗ്ലാദേശ് കാർഷിക വികസന സ്ഥാപനം. പിന്നീട് 1977 ൽ വിത്ത് ഓർഡിനൻസ് ബംഗ്ലാദേശ് പുറപ്പെടുവിച്ചു.

BADC 1990 കൾക്കുശേഷം സ്വകാര്യ മേഖലക്ക് സഹായങ്ങൾ നൽകാൻ തുടങ്ങി. 1980 കളിൽ നിയമ ഭേദഗതികളിലൂടെ നിയന്ത്രണങ്ങൾ ഇളവ് ചെയ്ത് വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ വിതരണത്തിൽ സ്വകാര്യ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചു. സ്വകാര്യ മേഖലയിൽ വിത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുകയായിരുന്നു 1993 ലെ ദേശീയ വിത്തുനിയമത്തിന്റെ ലക്ഷ്യം. സ്വകാര്യ വിത്ത് ഉത്പാദന സ്ഥാപനങ്ങൾ ദേശീയ വിത്ത് നയ രൂപീകരണത്തിൽ പങ്കുചേരുമെന്ന് പ്രസ്തുത നയം വ്യക്തമാക്കുന്നു. ഇത് BADC യെ ഒരു വാണിജ്യ സ്ഥാപനമാക്കുന്നതിലേക്ക് നയിച്ചു. സ്വകാര്യ സംരംഭങ്ങൾക്ക് സേവനങ്ങൾ വിൽക്കുന്നതുവഴി BADC ക്ക് വിജയകരമായി മുന്നോട്ട് പോകുവാനുള്ള സാമ്പത്തിക ഉറവിടം ഉറപ്പുവരുത്താൻ കഴിഞ്ഞു.

വിത്ത് പരിചരണവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും സ്വകാര്യ സംരംഭകരുടെ സാനിധ്യം BADC യുടെ പ്രവർത്തനങ്ങളിൽ കാണാം. സ്വകാര്യ വിത്ത് കമ്പനികളു

ടെയും സർക്കാരിതര സംഘടനകളുടെയും പങ്കാളിത്വം സ്വാഗതം ചെയ്യുന്നതാണ് 1998 ലെ ബംഗ്ലാദേശ് വിത്ത് നയം. 2003 ൽ ഏകദേശം 200 ടൺ ഹൈബ്രിഡ് നെൽവിത്തുകളാണ് ബംഗ്ലാദേശിൽ വിറ്റഴിഞ്ഞത്. പദ്ധതിയുടെ ഭാഗമായി സങ്കരയിനം വിത്തുകൾ വിതരണം ചെയ്ത അഞ്ച് കമ്പനികളിൽ ഒന്നാണ് BADC.

നെൽകൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ദാരിദ്ര്യം നിർമാജ്ജനം ചെയ്യുക (PETRRA) എന്ന പേരിൽ 1999 മുതൽ 2004 വരെയുള്ള കാലഘട്ടത്തിൽ നെൽകൃഷി പ്രോത്സാഹനാർഥം 9.5 ദശലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുകയുണ്ടായി. IRRI യുടെ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകിയിരുന്നത് അന്താരാഷ്ട്ര വികസനത്തിനുള്ള ബ്രിട്ടന്റെ വകുപ്പാണ് (DFID). ബംഗ്ലാദേശിന്റെ ചരിത്രത്തിൽ പുറത്തുനിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടി നടത്തിയ ഏറ്റവും വലിയ നെല്ല് ഗവേഷണ പദ്ധതിയായിരുന്നു അത്. പാരമ്പര്യ വിത്തുകളെ ഉപേക്ഷിച്ച് ഹൈബ്രിഡ് വിത്തുകളെ ഉപയോഗിക്കാൻ പദ്ധതി കർഷകരെ പ്രേത്സാഹിപ്പിച്ചു. കർഷക വിത്തുകളെ നിരുത്സാഹപ്പെടുത്തുന്നതിൽ അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളുടെ സ്വാധീനം വെളിപ്പെടുത്തുന്നതാണ് ഈ പദ്ധതി.

നിയമനിർമ്മാണം വഴിയും നയരൂപീകരണം വഴിയും 1990 കളോടുകൂടി കർഷക വിത്തുകളെ ഇല്ലാതാക്കാൻ കമ്പനികൾക്ക് കഴിഞ്ഞു എന്നാണ് ഇത് വ്യക്തമാക്കുന്നത്. സർക്കാർ സംവിധാനങ്ങളെ സ്വാധീനിക്കാൻ മാത്രം വിത്തുകുത്തകകൾ വളർന്നു. വിത്തുകൾക്കുമുകളിൽ തങ്ങളുടെ കുത്തക ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിരവധി നിയമനിർമ്മാണങ്ങൾ നേടിയെടുക്കാൻ ചുരുങ്ങിയ കാലത്തിനിടയിൽ കുത്തകകൾക്ക് കഴിഞ്ഞു. വിത്തുകൾക്കുമുകളിലുള്ള കർഷകന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പകരം തങ്ങൾ വികസിപ്പിച്ചെടുത്ത പേറ്റന്റ് വിത്തുകൾക്ക് കൂടുതൽ സംരക്ഷണം നൽകാൻ വിത്തുകമ്പനികൾ സർക്കാരിനോട് ആവശ്യപ്പെട്ടു. ലോകവ്യാപാര സംഘടന (WTO), ട്രിപ്പ്സ് (TRIPS)തുടങ്ങിയ രാജ്യാന്തര സംവിധാനങ്ങളിലൂടെ തങ്ങളുടെ പ്രവർത്തനങ്ങൾ സാർവദേശീയമായി വ്യാപിപ്പിക്കാൻ

ഇവർക്ക് കഴിഞ്ഞു. ലോകവ്യപാര സംഘടനയുമായി കരാറിലേർപ്പെട്ട ഏഷ്യൻ രാജ്യങ്ങൾ 1995നുശേഷം ട്രിപ്പ്സ് നിയമങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരായി. ഇതുവഴി ഏഷ്യൻ രാജ്യങ്ങൾ വിത്തിനും സസ്യങ്ങൾക്കും ബൗദ്ധീക സ്വത്തവകാശം അനുവദിച്ചുകൊടുക്കാൻ തുടങ്ങി. വിത്തുകൾക്കുമുകളിൽ ബൗദ്ധീക സ്വത്തവകാശം അനുവദിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താൻ രാജ്യങ്ങൾ നിർബന്ധിക്കപ്പെട്ടു. ബൗദ്ധീക സ്വത്തവകാശ നിയമങ്ങളെ പിന്തുടർന്ന് വിത്തുനിയമങ്ങളും വിവിധ രാജ്യങ്ങളിൽ രൂപീകരിക്കപ്പെട്ടു.

### വിത്തുനിയമം:അഫ്ഗാനിസ്ഥാന്റെ അനുഭവം

യൂറോപ്പ്യൻ യൂണിയന്റെ സഹായത്തോടുകൂടി വെറയ്റ്റി ആന്റ് സീഡ് ഇൻഡസ്ട്രി ഡെവലപ്പ്മെന്റ് പ്രോജക്ട് എന്ന പദ്ധതി FAO അഫ്ഗാനിസ്ഥാനിൽ നടത്തിവരുന്നു. അഫ്ഗാനിസ്ഥാന്റ തലസ്ഥാനമായ കാബൂളിൽ 2002ൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽവെച്ച് വിത്ത് സംരക്ഷണത്തിനാവശ്യമായ പെരുമാറ്റചട്ടത്തിന് FAO യും ICARDA യും അഫ്ഗാനിസ്ഥാനിലെ കാർഷിക മന്ത്രാലയവും ചേർന്ന് രൂപം നൽകുകയുണ്ടായി. അടിയന്തര സാഹചര്യത്തിൽ എങ്ങനെയുള്ള വിത്തുകളാണ് രാജ്യത്ത് ഉത്പാദപ്പികേണ്ടതെന്നും വിതരണംചെയ്യേണ്ടതെന്നും ഇറക്കുമാതിചെയ്യേണ്ടതെന്നും ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ വിത്തിനങ്ങൾ അഫ്ഗാനിസ്ഥാനിൽ വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടിയാണ് ഈ നടപടി സ്വീകിരച്ചത്. വേണ്ടരീതിയിലുള്ള പരിശോധനകളോ അംഗീകാരമോ ഇല്ലാത്ത നിരവധി പുതിയ വിത്തിനങ്ങൾ അഫ്ഗാനിസ്ഥാനിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്ന് ശിൽപ്പശാല വിലയിരുത്തി.

ശിൽപ്പശാലയുടെ ശുപാർശ പ്രകാരം 2005 സെപ്തംബർ 13ന് ദേശീയ വിത്ത് നയം അഫ്ഗാനിസ്ഥാനിൽ നിലവിൽ വന്നു. നയപ്രകാരം സ്വകാര്യ സ്ഥാപനങ്ങൾ സർക്കാർ കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്ക് സമാനമായ അവകാശങ്ങൾ ആസ്വദിക്കുന്നു. നിയമം പുതിയ വിത്തിന

ങ്ങൾക്ക് പ്ലാന്റ് ബ്രീഡർ പ്രൊടക്ഷൻ അനുവദിച്ചുനൽകുന്നു. നയത്തിന്റെ ഖണ്ഡിക 5.6.1 പ്രകാരം കർഷകർക്ക് തനതു വിത്തുകൾ ഉത്പാദിപ്പിക്കുവാനും കൈമാറാനും പങ്കുവയ്ക്കാ നും അവകാശമുണ്ട്. സ്വന്തം താൽപ്പര്യത്തിനുസരിച്ച് വിത്തുകൾ ഉപയോഗിക്കാവുന്നതാണ്. സർക്കാർ സംവിധാനം ഒരുവിധത്തിലും കർഷകരെ ഇതിൽനിന്നും വിലക്കുന്നില്ല. പക്ഷേ വാണിജ്യാടിസ്ഥാനത്തിൽ വിത്ത് ഉത്പാദിപ്പിക്കാൻ കർഷകർക്ക് അവകാശമില്ല.

വിത്തുനയം വിത്ത് നിയമത്തിന്റെ അനിവാര്യത വ്യക്തമാക്കുന്നു. അഫ്ഗാനിസ്ഥാനുവേണ്ടി FAO തയ്യാറാക്കിയ വിത്ത് നിയമം രജിസ്ട്രേഷനില്ലാതെ വിത്തുകൾ വിൽക്കുന്നത് തടയുന്നു. കരുതലോടുകൂടി വൻകിട വിത്ത് കമ്പനികളുടെ താൽപ്പര്യങ്ങൾ നിയമപ്രകാരം സംരക്ഷിക്കുകയാണിവിടെ. 2008 ൽ അഫ്ഗാനിസ്ഥൻ ദേശീയ വിത്ത് അസോസിയേഷന്റെ ആദ്യത്തെ യോഗം കാബൂളിൽ നടന്നു. വിത്ത് നിയമം കഴിയുന്നതും വേഗം പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് അസോസിയേഷൻ ആവശ്യപ്പെട്ടു.

2009 ജൂണിൽ അഫ്ഗാനിസ്ഥാൻ പാർലമെന്റ് വിത്ത് നിയമം പാസാക്കി. തുടർന്ന് വിത്ത് വ്യവസായത്തെ നിയന്ത്രിക്കാൻ പരമോന്നത സ്ഥാപനമായി ദേശീയ വിത്ത് ബോർഡ് സ്ഥാപിച്ചു.



## 3.0 വിത്തുനിയമങ്ങളിലെ പ്രാദേശികവും സാർവദേശീയ വുമായ സ്വാധീനങ്ങൾ

മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ ഏഷ്യൻ രാജ്യങ്ങളിലും നിയമനിർമ്മാണം മുകളിൽനിന്നും താഴോട്ടുള്ള പ്രക്രിയയാണ്. സർക്കാർ കൊണ്ടുവരുന്ന നിയമങ്ങളിൽ കർഷകർ യാതൊരു സംശയങ്ങളും ഉന്നയിക്കാറില്ല. ആഭ്യന്തര സമ്പദ് വ്യവസ്ഥക്ക് ബാധകമാകും വിധം ദേശീയ സർക്കാറുകളാണ് ഒട്ടുമിക്ക നിയമങ്ങളും രൂപീകരിക്കുന്നതെങ്കിലും ഇവയ്ക്ക് പിന്നിൽ രാജ്യാന്തര സ്വാധിനങ്ങൾ പ്രകടമാണ്. ചില ഉദാഹരണങ്ങൾ

## 3.1 അന്താരാഷ്ട്ര നെല്ലുഗവേഷണ കേന്ദ്രവും (IRRI) അന്താരാഷ്ട്ര കാർഷിക ഗവേഷണത്തിനായുള്ള കൂടിയാലോചന സംഘവും (CGIAR)

അന്താരാഷ്ട്ര നെല്ല് ഗവേഷണ സ്ഥാപനത്തിന്റെ (IRRI) സഹായത്തോടുകൂടിയാണ് ഏഷ്യൻ രാജ്യങ്ങൾ ഹരിത വിപ്ലവത്തിന് തുടക്കം കുറിച്ചത്. അന്താരാഷ്ട്ര കാർഷിക ഗവേഷണത്തിനായുള്ള കൂടിയാലോചന സംഘത്തിന്റെ (CGIAR) ലോകത്താകമാനം വ്യാപിച്ചുകിടക്കുന്ന 15 സ്ഥാപനങ്ങളിൽ ഒന്നാണ് IRRI. CGIARന്റെ ഏഷ്യയിലെ ആദ്യത്തെ സംരംഭമായ IRRI 1960 ൽ ഫിലിപ്പൈൻസിലെ ലാഗുണയിലാണ് സ്ഥാപിച്ചത്. ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ശേഖരിച്ച നെൽ വിത്തിനങ്ങൾ ഭാവി പരീക്ഷണങ്ങൾക്കായി ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. നെൽവിത്തുകൾ പൊതുസമൂഹത്തിനുവേണ്ടി സൂക്ഷിക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഇവിടെ സൂക്ഷിച്ചിരിക്കുന്നത്. IRRI യുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിത്തുകമ്പനികളെ സഹായിക്കുന്നതും പൊതുജനഹിതത്തിന് എതിരുമാണ്.

നെൽവിത്ത് വ്യാപാര മേഖലയിലെ 19 കുത്തകകളെ ഉൾപ്പെടുത്തി ഹൈബ്രിഡ് നെല്ല് ഗവേഷണ കൺസോർഷ്യം (HRDC) എന്ന പേരിൽ ഒരുസംരംഭത്തിന് 2008 ൽ IRRI രൂപം നൽകി. 2008 ജൂലൈയിൽ IRRI ഫിലിപ്പൈൻസ് നെല്ലുഗവേഷണ സ്ഥാപനവുമായി (PhiliRice) ഹൈബ്രിഡ് നെല്ല് ഗവേഷണത്തിനാവശ്യമായ പിതൃനെൽവിത്തുകൾ പങ്കിടുന്നതിനും പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുമായി കരാറിലേർപ്പെട്ടു.

വാണിജ്യാവശ്യത്തിന് നെൽവിത്തുകൾ പുറത്തിറക്കുമ്പോൾ സ്വകാര്യ കമ്പനികളുമായി വിലപേശാൻ ഒറ്റ ഏജൻസിയായി പ്രവർത്തിക്കാൻ ഇതുവഴി ഇവർക്ക് കഴിയും. അതോടൊപ്പം സിൻജെന്റ, ബേയർ കൊപ്പ് സയൻസ് തുടങ്ങിയ ബഹുരാഷ്ട്ര വിത്ത് കുത്തകകളുമായും IRRI ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്.

സ്വകാര്യ കമ്പനികൾക്ക് അനുകൂലമായി സ്വന്തം ബൗദ്ധീക സ്വത്തവകാശം (IPR) ഭേദഗതി ചെയ്യുവാനുള്ള തന്ത്രപ്പാടിലാണ് IRRI. CGIAR ന്റെ എഷ്യൻ സ്ഥാപനമായ IRRI യും അന്താരാഷ്ട്ര അർദ്ധ മരുഭൂവിള ഗവേഷണ കേന്ദ്രവും (ICRISAT-ഇക്രിസാറ്റ്) സ്വകാര്യ സ്ഥാപനങ്ങളുമായി സഖ്യത്തിലേർപ്പെടാനുള്ള തയ്യാറെടുപ്പിലാണ്. ദേശീയ വിത്ത് നിയമങ്ങളിൽ IRRI യുടെ സ്വാധീനം വ്യക്തമായതിനാൽ അവ സ്വകാര്യ കമ്പനികളുടെ താൽപ്പര്യങ്ങൾക്ക് അനുസൃതമായിരിക്കും. ഇതര രാജ്യങ്ങളിലും മുമ്പെങ്ങും ഇല്ലാത്തരീതിയിൽ വിത്തുനിയമങ്ങൾ പരിഷ്കരിക്കാൻ ഇവർ ഇടപെടുന്നു. ദേശീയ കാർഷിക ഗവേഷണ സ്ഥാപനവുമായും (NARS) ദക്ഷിണാഫ്രിക്കൻ വികസന സമൂഹവുമായും (SADC) സഹകരിച്ച് ആഫ്രിക്കയിലെ വിത്ത് നിയമങ്ങൾ കുത്തകകളുടെ വരുതിയിലാക്കാനുള്ള ശ്രമത്തിലാണ് ഇക്രിസാറ്റ് . ഇക്രിസാറ്റ് അതിന്റെ മേഖലാ കേന്ദ്രങ്ങളുടെ ആവകാശങ്ങളും നയങ്ങളും വ്യഗ്രതയിൽ മാറ്റിയെഴുതുകയാണ്.

### 3.2 ലോക ഭക്ഷ്യ സംഘടന (FAO)

ആഗോളതലത്തിൽ വിത്ത് നിയമ രൂപീകരണത്തിൽ ലോക ഭക്ഷ്യ സംഘടന പ്രമുഖമായ പങ്ക് വഹിക്കുന്നുണ്ട്. വിത്ത് നിയമ രൂപീകരണവുമായി ബന്ധപ്പെട്ട സർവ്വതലങ്ങളിലും ദേശീയ സർക്കാറുകൾക്ക് സാങ്കേതിക സഹായം നൽകുന്നത് FAO നിയമ വിദഗ്ദ്ധരും ഉപദേശകരുമാണ്. ഇറാൻ, മൗറീഷ്യസ് എന്നീ രാജ്യങ്ങൾ സാങ്കേതിക സഹായങ്ങൾക്ക് FAO യെ സമീപിച്ചിരിക്കുന്നു. അന്താരാഷ്ട്ര ഊഷരമേഖലാ കാർഷിക വികസന കേന്ദ്രവുമായി (ICARDA) സഹകരിച്ച് അഫ്ഗാനിസ്ഥാന്റെ വിത്ത് നിയമം രൂപീകരിക്കുന്നതിൽ FAO വിജയിച്ചിരിക്കുന്നു. വിവിധ ആഫ്രിക്കൻ രാജ്യങ്ങളുടെ വിത്ത് നിയമങ്ങൾ രൂപീകരിച്ചത് FAO യുടെ നേതൃത്വത്തിലാണ്. കർഷകരെ അവരുടെ ആവശ്യങ്ങൾക്കായി സ്വകാര്യ മേഖലയുമായി അടുപ്പിക്കുന്നതിന് പൊതു-സ്വകാര്യ മേഖല സഹകരണത്തിനായി (Public Private Partnership-PPP)വാദിച്ചുകൊണ്ട്

പൊതുമേഖലക്കും സ്വകാര്യ മേഖലക്കും മദ്ധ്യേ ഇടനിലക്കാരനായാണ് FAO പ്രവർത്തിക്കുന്നത്. സ്വകാര്യ സംരംഭങ്ങളുമായുള്ള സഖ്യം, സ്വകാര്യ പൊതുമേഖല സംയുക്ത സംരംഭം എന്നീ ആശയങ്ങൾക്കാണ് FAO പ്രാമുഖ്യം നൽകുന്നത്. സ്വകാര്യ കുത്തകകളുമായി സഹകരിച്ച് 2009 സെപ്തംബറിൽ റോമിൽവെച്ച് സംഘടിപ്പിച്ച രണ്ടാം ലോക വിത്ത് സമ്മേളനത്തിന്റെ മുഖ്യ അജണ്ട സ്വകാര്യ കമ്പനികളുടെ ലാഭം വർദ്ധിപ്പിക്കും വിധം വിത്തു വിപണനത്തെ പ്രോത്സാഹിപ്പിക്കുകയും ബൗദ്ധീക സ്വത്തവകാശ നിയമങ്ങൾ രൂപീകരിക്കുകയുമായിരുന്നു.

**3.3 വിത്ത് അസോസിയേഷനുകൾ**

സ്വകാര്യ-പൊതുമേഖല വിത്തുകമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലാതലത്തിൽ വിത്ത് അസോസിയേഷനുകൾ FAO രൂപീകരിക്കുകയാണ്. FAO യുടെ നേതൃത്വത്തിൽ തായ്‌ലാന്റ് കേന്ദ്രീകരിച്ച് ഏഷ്യാ-പസഫിക്ക് വിത്ത് അസോസിയേഷന് 1994 ൽ രൂപം നൽകി. വിത്തുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങളെ ടുക്കുന്ന ഈ സ്ഥാപനം ലോകത്തിലെ ഏറ്റവും വലിയ വിത്ത് അസോസിയേഷനാണ്. 38 രാഷ്ട്രങ്ങളിൽ നിന്നായി 400 ഓളം സ്ഥാപനങ്ങൾ ഇതിൽ അംഗങ്ങളാണ്. ഇതു പോലെ 2008 ൽ തുർക്കി യിൽവെച്ച് മധ്യേഷ്യൻരാജ്യങ്ങളുടെ വിത്ത് അസോസിയേഷന് രൂപംനൽകി. അഫഗാനിസ്ഥാൻ. അസർബൈജാൻ, ഇറാൻ, കസാഖിസ്ഥാൻ, കിർഗിസ്ഥാൻ, പാകിസ്ഥാൻ, താജിക്കിസ്ഥാൻ, തുർക്കി, തുർക്ക്മെനിസ്ഥാൻ എന്നീ രാജ്യങ്ങളിലെ സ്വകാര്യ വിത്തു കമ്പനികൾ ഈ കൂട്ടായ്മയിൽ അംഗങ്ങളാണ്. മധ്യേഷ്യയിൽ വിത്തുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കുന്ന വേദിയാണിത്. വിത്ത് വികസിപ്പിക്കൽ, വിതരണം എന്നിവ സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ രൂപം കൊള്ളുന്ന രണ്ട് പ്രധാന വേദികളാണിവ. അന്താരാഷ്ട്ര വിത്ത് ഫെഡറേഷനാണ് വിത്തുകമ്പനികൾക്ക് അനുകൂലമായി അന്താരാഷ്ട്ര തലത്തിൽ വിത്തുസംബന്ധമായ നിയമങ്ങൾക്കും തീരുമാനങ്ങൾക്കും ചുക്കാൻ പിടിക്കുന്നത്. ലോകത്തിലെ 96 ശതമാനം വിത്ത് വ്യാപാരത്തെയും നിയന്ത്രിക്കുന്നത് ഫെഡറേഷനിലെ അംഗങ്ങളാണ്. അന്താരാഷ്ട്ര വിത്ത് ഫെഡറേഷന് സ്വന്തമായ വിത്തുവ്യാപാര നിയമമുണ്ട്.

കരാർ ഉത്പാദകരും വിത്തുകമ്പനികളും വിത്തുവ്യാപാരികളുമായി അന്താരാഷ്ട്ര വിത്ത് ഫെഡറേഷൻ ഈ നിയമാവലി അനുസരിച്ചാണ് കാരാറിലേർപ്പെടുന്നത്.

### 3.4 വിത്ത്-വിള ഉടമ്പടി (ITPGRFA)

വിത്ത് വിള ഉടമ്പടി എന്ന പേരിലാണ് ഭക്ഷ്യ- കാർഷിക ആവശ്യങ്ങൾക്കായി സസ്യ ജനിതക വിഭവങ്ങൾ പങ്കിടുന്നതിനുള്ള അന്താരാഷ്ട്ര ഉടമ്പടി (ITPGRFA) പൊതുവിൽ അറിയപ്പെടുന്നത്. ജൈവവൈവിധ്യ സമ്പന്നമായ രാജ്യങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഭക്ഷ്യ വസ്തുക്കളുടെയും കാലിപ്പുല്ലിന്റെയും ജനിതക സമ്പത്ത് സാങ്കേതികമായി വികാസം പ്രാപിച്ച രാജ്യങ്ങളിലേക്ക് നിയമപരമായി കടത്താൻ ഈ സംവിധാനം കമ്പനികളെ സഹായിക്കുന്നു. ഇങ്ങനെ നേടിയ ജീൻ ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത വിത്തുകൾക്കുമേൽ ബൗദ്ധീക സ്വത്തവകാശം നേടുന്നതിൽ നിന്നും കമ്പനികളെ കരാർ വിലക്കുന്നില്ല. ഇക്കാരണത്താൽ വിത്ത് വ്യവസായികൾ ഉടമ്പടിയെ പിന്തുണക്കുന്നു. എന്നാൽ ഈ ഉടമ്പടി മാത്രമാണ് കർഷകന്റെ അവകാശങ്ങളെ പ്രതിപാതിക്കുന്ന ഏക അന്താരാഷ്ട്ര ഉടമ്പടി. എങ്കിലും കർഷകരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന ഒരു വകുപ്പും ഇതിലില്ല. പകരം കർഷകരുടെ സംരക്ഷണത്തിനായി സർക്കാറുകൾ നിയമം നിർമ്മിക്കണം എന്നാണ് ഉടമ്പടി ആവശ്യപ്പെടുന്നത്. പ്രസ്തുത ഉടമ്പടി വിത്ത് കുത്തകകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അവകാശങ്ങളും അനുവദിക്കുമ്പോൾ കർഷകരെയും കർഷകവിത്തിനെയും ഇല്ലാതാക്കുന്നു.



### 3.5 പുതിയ വിത്തിനങ്ങളുടെ സുരക്ഷക്കുള്ള യൂണിയൻ (UPOV-ഉപ്പോവ്)

വിത്ത് വ്യവസായികളുടെ നിരന്തര ശ്രമഫലമായാണ് പുതിയ വിത്തിനങ്ങളുടെ സുരക്ഷയ്ക്കുള്ള യൂണിയൻ (ഉപ്പോവ്) 1961 ൽ യൂറോപ്പിൽ നിലവിൽ വന്നത്. വികസിപ്പിച്ചെടുത്ത് വിത്തിനങ്ങൾക്ക് പ്ലാന്റ് വെറൈറ്റി പ്രൊട്ടക്ഷൻ (PVP) എന്ന നൂതനമായ ബൗദ്ധീക സ്വത്തവകാശം അംഗീകരിച്ചുകൊണ്ടാണ് യൂറോപ്പും ഇതര വൻകിടരാഷ്ട്രങ്ങളും ഉപ്പോവിന് രൂപം നൽകിയത്. ഏഷ്യയിൽ രൂപപ്പെട്ടുവരുന്ന ഒട്ടുമിക്ക ബൗദ്ധീക സ്വത്തവകാശ നിയമങ്ങളും ഉപ്പോവിനെ അടിസ്ഥാനമാക്കിയതിനാൽ ഉപ്പോവ് വിഭാവനം ചെയ്യുന്ന ബൗദ്ധീക സ്വത്തവകാശങ്ങൾ എന്തെന്ന് മനസിലാക്കേണ്ടതുണ്ട്.



ഏഷ്യൻ രാജ്യങ്ങളിൽ ബൗദ്ധീക സ്വത്തവകാശ നിയമങ്ങൾ രൂപീകരിക്കാൻ സമ്മർദ്ദം ഉണ്ടായത് TRIPS നിലവിൽവന്നതിനു ശേഷമാണ്. TRIPS അംഗമാകാനോ വിത്തുകൾക്കു മേൽ ബൗദ്ധീക സ്വത്തവകാശം അനുവദിക്കാനോ ഒട്ടനവധി രാജ്യങ്ങൾ തയ്യാറായിരുന്നില്ല. ഉപ്പോവിനെ അംഗീകരിക്കുക വഴി TRIPS ഫലത്തിൽ അംഗീകരിക്കുകയായിരുന്നു ഈ രാജ്യങ്ങൾ. ജപ്പാൻ, കൊറിയ, ചൈന, സിംഗപ്പൂർ, വിയറ്റ്നാം എന്നീ ഏഷ്യൻ രാജ്യങ്ങൾ 68 അംഗ ഉപ്പോവിന്റെ ഭാഗമാണ്. കമ്പനികൾക്ക് അവർ വികസിപ്പിച്ചെടുത്ത വിളകൾക്കുമുകളിൽ 20 വർഷത്തേക്ക് സമ്പൂർണ്ണ അവകാശം അനുഭവിക്കാൻ ഉപ്പോവ് ഉടമ്പടി പ്രകാരം കഴിയുന്നു. വാണിജ്യാവശ്യത്തിന് ഇത്തരം വിത്തുകൾ ഉത്പാദിപ്പിക്കുന്നതിൽനിന്നും വിതരണം ചെയ്യുന്നതിൽനിന്നും കർഷകരെ ഉപ്പോവ് തടയുന്നു. റോയൽറ്റി അടക്കുന്നപക്ഷം ഇത്തരം വിത്തുകൾ സൂക്ഷിക്കാൻ കർഷകർക്ക് അനുവാദമുണ്ടാകും.

**4.0 വിത്തുനിയമം ഏഷ്യയിൽ**

ഏതാനും ദശകങ്ങളായി ഏഷ്യയിലെ ഭരണകൂടങ്ങൾ കർഷകരുടെ വിത്തവകാശങ്ങൾ ഹനിക്കുകയാണ്. ഇതുവരെ വിത്തുനിയമങ്ങൾ ഇല്ലാതിരുന്ന മലേഷ്യ, ലാവേസ് എന്നീ രാഷ്ട്രങ്ങൾ PVP നിയമനിർമ്മാണത്തിലാണ്. ദക്ഷിണേന്ത്യൻ രാജ്യങ്ങളായ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ എന്നീ രാജ്യങ്ങൾ പ്രസ്തുത വിത്ത് നിയമനിർമ്മാണത്തിന്റെ ആദ്യഘട്ടം പിന്നിട്ടു. ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ പ്രാബല്യത്തിലിരിക്കുന്ന വിത്തുനിയമങ്ങൾ വിത്തു കമ്പനികളെയും സർക്കാർ വിത്ത് ഉത്പാദന സ്ഥാപനങ്ങളെയും മാത്രമായിരുന്നു നിയന്ത്രിച്ചിരുന്നത്. സർക്കാർ നിയമങ്ങൾക്കുകീഴിൽ അനുമതിനേടുകയും, നിയന്ത്രിക്കപ്പെടുകയും ചെയ്ത വിത്തുകൾക്കുമാത്രമായിരുന്നു നിയമം ബാധകമായിരുന്നത്. PVP അവകാശങ്ങൾക്ക് അനുസൃതമായി തങ്ങളുടെ നിലവിലുള്ള നിയമങ്ങളെ മാറ്റിയെഴുതാനുള്ള വ്യഗ്രതയിലാണ് ഈ രാഷ്ട്രങ്ങൾ. ഒട്ടുമിക്ക നിയമങ്ങളും വിത്ത് കുത്തകകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കും വിധമാണ് രൂപീകരിച്ചിരിക്കുന്നത്.

**4.1 രാഷ്ട്രീയ സാഹചര്യം**

കർഷകർക്ക് ഇന്നതൊക്കെ ചെയ്യാം ഇന്നതൊക്കെ ചെയ്യാൻ പറ്റില്ല എന്ന് എണ്ണിയെണ്ണി പറയുന്ന ഒട്ടുമിക്ക ആധുനിക വിത്ത് നിയമങ്ങളും കർഷകന്റെ പാരമ്പര്യ അവകാശങ്ങൾക്കുമുകളിലുള്ള ശക്തമായ കടന്നുകയറ്റമാണ്. മുമ്പ് പ്രാബല്യത്തിലിരുന്ന വിത്ത് നിയമങ്ങൾ പാരമ്പര്യ വിത്തുകൾക്കുമുകളിലുള്ള കർഷകന്റെ അവകാശങ്ങളെ നിഷേധിച്ചിരുന്നില്ല. ഗവേഷണ സ്ഥാപനങ്ങളും കമ്പനികളും വികസിപ്പിച്ചെടുത്ത വിത്തുകൾക്ക് മാത്രമായിരുന്നു രജിസ്ട്രേഷനും സർട്ടിഫിക്കേഷനും ബാധകമായിരുന്നത്. കർഷന്റെ പാരമ്പര്യ വിത്തവകാശങ്ങളെ ഇവ നിയന്ത്രിച്ചിരുന്നില്ല. ഇതിൽ അസന്തുഷ്ടരായ വിത്തുകമ്പനികൾ സർക്കാർ സർട്ടിഫൈ ചെയ്ത വിത്തിനങ്ങൾ വാങ്ങിയുപയോഗിക്കാൻ കർഷകരോട് ആവശ്യപ്പെടുന്നു. വിത്തുകമ്പനികൾക്കുവേണ്ടത് അവരുടെ വിത്തുമായി മത്സരിക്കുന്ന പാരമ്പര്യ വിത്തുകളെ ഒറ്റയടിക്ക് നിരോധിക്കുക എന്നതാണ്. ഇങ്ങനെ വിത്തുനിയമങ്ങളിൽ വൻകിട കുത്തകളുടെ

താൽപ്പര്യങ്ങൾ പ്രത്യക്ഷമാണ്. നിയമനിർമ്മാണത്തിൽ കർഷകർക്ക് പങ്കാളിത്തം ഇല്ലെന്നുമാത്രമല്ല ഈ പ്രക്രിയ സുതാര്യവുമല്ല. ഉദാഹരണത്തിന് മലേഷ്യയിൽ വരാൻ പോകുന്ന വിത്തുനിയമത്തെകുറിച്ചോ ദേശീയ വിത്ത് കൗൺസിലിനെകുറിച്ചോ പൊതുജനം വേണ്ടരീതിയിൽ ബോധവാൻമാരല്ല. മലേഷ്യയിൽ മാത്രമല്ല ഒട്ടുമിക്ക രാജ്യങ്ങളിലും കർഷകർ നിയമനിർമ്മാണത്തെപറ്റി അജ്ഞരാണ്.

**4.2 രജിസ്ട്രേഷനും സർട്ടിഫിക്കേഷനും**

സർക്കാർ അംഗീകൃതവും സാക്ഷ്യപ്പെടുത്തിയതുമായ വിത്തുകൾക്ക് മാത്രമാണ് ഗുണവും മേനിയും ഉള്ളുവെന്ന് സർക്കാർ പ്രചാരണവും കമ്പനി പരസ്യങ്ങളും ആണയിടുന്നു. വിത്തുകളുടെ ഗുണം നിശ്ചയിക്കുന്നത് വാല്യു ഫോർ കൾട്ടിവേഷൻ ടെസ്റ്റ് ഫോർ രജിസ്ട്രേഷനെ (VCU) അടിസ്ഥാനമാക്കിയാണ്. ഇതനുസരിച്ച് സർക്കാർ നിയമത്തിനു കീഴിൽ വിത്തുകമ്പനികൾ രജിസ്റ്റർ ചെയ്തിരിക്കണം. സർട്ടിഫിക്കേഷൻ വ്യവസ്ഥകൾ വിവിധ രാജ്യങ്ങളിൽ വിവിധ രൂപത്തിലാണ്. ചിലയിടങ്ങളിൽ ഇത് നിർബന്ധമാണ്. 1966 ലെ ഇന്ത്യൻ വിത്ത് നിയമത്തിൽ ഇത് നിർബന്ധമല്ല. ഇക്കാരണത്താൽ ഇന്ത്യയിൽ അനേകം ചെറുകിട വിത്ത് സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ വിത്ത് നിയമങ്ങളിൽ നിന്നും വ്യത്യസ്ഥമാണ് പാകിസ്ഥാനിലെയും ബംഗ്ലാദേശിലെയും വിത്ത് നിയമങ്ങൾ. മറ്റ് ചില രാജ്യങ്ങളിൽ ചെറുകിട വിത്ത് സംരംഭകർക്ക് ട്രൂത്ത്ഫുള്ളി ലേബൽഡ് സീഡ്സ് (TLS) എന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഗുണമേൻമയ്ക്ക് സ്വന്തം ജാമ്യം നൽകി വിത്ത് വിപണനം നടത്താൻ അവകാശമുണ്ട്. ഇതിനുപുറമെ 2004 ലെ ഇന്ത്യൻ വിത്ത് നിയമം സ്വന്തം ജാമ്യം നൽകി വിത്ത് വിൽക്കാൻ കമ്പനികളെ അനുവദിക്കുന്നുണ്ട്. ഗവൺമെന്റിന്റെ അഭാവത്തിൽ വിത്തുകളെ സർട്ടിഫൈ ചെയ്യുവാനുള്ള കമ്പനികളുടെ അവകാശത്തെ ചൊല്ലിയുള്ള വാദപ്രതിവാദങ്ങൾ തുടരുന്നു.

അന്തർദേശീയ തലത്തിൽ വിത്ത് തിരഞ്ഞെടുക്കലിനും വിത്ത് പരീക്ഷണത്തിലും ഏകീകരണം അന്താരാഷ്ട്ര വിത്തുപരിശോധന അസോസിയേഷൻ (ISTA) ഊർജ്ജിതമായി ആവശ്യപ്പെടുന്നു. വിത്തുവ്യാപാരം രാജ്യാന്തരമായി വികാസം

പ്രാപിച്ച സാഹചര്യത്തിലാണ് വിവിധ ഭൂഖണ്ഡങ്ങളിൽ ഗുണ നിലവാര നിർണ്ണയത്തിന് വിത്തുപരിശോധന ആവശ്യമായി വരുന്നത്. ISTA യുടെ അടിസ്ഥാനത്തിൽ വിത്തിന്റെ ഗുണനിലവാരം ലാബുകളിലാണ് നിർണ്ണയിക്കപ്പെടുന്നത്. 2009 ൽ പുറത്തിറങ്ങിയ രേഖകൾ അനുസരിച്ച് ഏഷ്യയിൽ ISTA ക്ക് അംഗങ്ങളായ 52 ലാബോറട്ടറി കളും 15 അംഗീകൃത ലാബോറട്ടറികളും ഉണ്ട്. ഏറ്റവും കുടുതൽ ലാബുകൾ ഉള്ളത് ജപ്പാനിലും ഇന്ത്യയിലുമാണ്.

സർക്കാർ സംവിധാനങ്ങളുടെ സ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങൾ വിത്ത് പരിശോധനയും സർട്ടിഫിക്കേഷനും നടത്തുന്നത് ഇന്ന് പൊതുവെ കാണുന്നു. ഫിലിപ്പൈൻസിലെ ദേശീയ വിത്ത് വ്യവസായ കൗൺസിലിൽ അവിടുത്തെ സ്വകാര്യ ഹൈബ്രിഡ് നെല്ല് ഗവേഷണ സ്ഥാപനമായ എസ് എൽ അഗ്രോടെക് അംഗമാണ്. വിത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുവാനുള്ള സർക്കാർ സംവിധാനമായ സീഡ് സർട്ടിഫിക്കേഷൻ ആന്റ് സീഡ് സ്റ്റാന്റേർഡ് ടെക്ക്നിക്കൽ വർക്കിംഗ് ഗ്രൂപ്പിൽ അംഗമാണ് ഫിലിപ്പൈൻസ് ദേശീയ വിത്ത് വ്യവസായ കൗൺസിൽ.

വിത്ത് സർട്ടിഫിക്കേഷൻ നിർബന്ധമാകുമ്പോൾ രജിസ്ട്രേഷന് ആവശ്യമായ ചിലവ് വഹിക്കാൻ ചെറുകിട വിത്ത് സംരംഭകർക്ക് കഴിയില്ല. ഇത് വൻകിടക്കാരുടെ പാത സുഗമമാക്കും. ഇതിനുപരി സർട്ടിഫിക്കേഷന് വരുന്ന ചിലവ് കർഷകരുടെമേൽ കൂടിയ വിലയായ് വന്നുവീഴുന്നു.



കർഷകരുടെ സംരക്ഷണത്തിനെന്ന പേരിൽ നിർമ്മിക്കപ്പെടുന്ന വിത്തുനിയമങ്ങൾ എങ്ങനെ കർഷക വിരുദ്ധമാകും എന്നതിന് ഉദാഹരണമാണ് വിയറ്റ്നാമിലെ വിത്തുനിയമം. *നിയമം ഇപ്രകാരം അനുശാസിക്കുന്നു -വിത്തുകൾക്ക് ലേബൽ ഉണ്ടായിരിക്കണം. ഗുണനിലവാരം വ്യക്തമാക്കിയിരിക്കണം. വിത്തുകളുടെ ഗ്രേഡ് വ്യക്തമാക്കുന്ന മുദ്രകൾ ലേബലിൽ പതിച്ചിരിക്കണം. വിത്തുകൾ പാക്കിംഗ് നിലവാരം അനുസരിച്ച് പാക്ക് ചെയ്തിരിക്കണം. നിലവാരം കുറഞ്ഞതും കള്ളവിത്തുകളും കൂട്ടിക്കലർന്ന വിത്തുകളും കീട-രോഗ ബാധിത വിത്തുകളും സർട്ടിഫൈ ചെയ്യാത്ത വിത്തുകളും വിപണിയിലിറക്കുന്നത് കുറ്റകരമാണ്. ( ആർട്ടിക്കിൾ 13 വിയറ്റ്നാമീസ് വിത്തുശാസനം)*

**4.3 ജനിതക മാറ്റം വരുത്തിയ വിളകൾ**

ജനിതക മാറ്റം വരുത്തിയ വിളകളുടെ ഉപയോഗവുമായി ബന്ധപ്പെട്ടതാണ് ഏഷ്യയിൽ അടുത്ത കാലത്ത് വന്ന ചില നിയമങ്ങൾ. ഇന്ത്യൻ പാർലമെന്റിന്റെ പരിഗണനയിലുള്ള വിത്ത് ബില്ല് പ്രകാരം പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നമുറക്ക് ജനിതക മാറ്റം വരുത്തിയ വിത്തുകൾക്ക് താൽക്കാലികമായി രജിസട്രേഷൻ നൽകാവുന്നതാണ്. ഇതിനർത്ഥം ഈ ബില്ല് ജനിതക വ്യതിയാനം വരുത്തിയ വിളകളുടെ രജിസ്ട്രേഷൻ നിരോധിച്ചിട്ടില്ല എന്നാണ്. തുർക്കിയിലാകട്ടെ പുതിയ വിത്തുബില്ല് ചർച്ചക്കിരിക്കുമ്പോൾ ജനിതക വ്യതിയാനം വരുത്തിയ വിളകൾ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. ജനിതക വ്യതിയാനം വരുത്തിയ വിത്തുകളുടെ ഉപയോഗത്തെക്കുറിച്ച് ബില്ല് നിശബ്ദത പാലിക്കുന്നു. വിവിധ സർക്കാർ സംവിധാനങ്ങൾ ജൈവ സുരക്ഷാ നിയന്ത്രണത്തിനും വിത്ത് മാനേജ്മെന്റിനും മാത്രമായി പ്രവർത്തിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ അന്തക വിത്തുമായി ബന്ധപ്പെട്ട വിഷയത്തിൽ ഒഴികെ ജനിതക സാങ്കേതിക വിദ്യയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് എത്ര അയഞ്ഞ നിലപാടാണ് സർക്കാർ പുലർത്തുന്നത് എന്നാണ് ഇത് കാണിക്കുന്നത്.

ജൈവസുരക്ഷയെ അധികരിച്ചുള്ള കാർട്ടജീന പ്രോട്ടോകോളിൽ ഒട്ടുമിക്ക ഏഷ്യൻ രാജ്യങ്ങളും അംഗങ്ങളാണ്. പ്രോട്ടേക്കോൾ പ്രകാരം ജനിതക വ്യതിയാനം വരുത്തിയ വിളകൾ രാജ്യത്തിനു പുറത്തേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ അവ ജനിതക വ്യതിയാനം വരുത്തിയതെന്ന് നിർബന്ധമായും ലേബൽ ചെയ്തി

രിക്കണം. വിത്തുനിയമങ്ങൾ എന്തുകൊണ്ട് കമ്പനികളുടെ വളർന്നുവരുന്ന വാണിജ്യ പ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. കാർട്ടജീന ഉടമ്പടി ജൈവസമ്പത്തിന്റെ വ്യാപാരത്തെ നിയന്ത്രിക്കുന്നതിനുപകരം അവ ലേബൽ ചെയ്താൽ മതിയെന്ന് പറയുന്നു. വിവിധ താൽപ്പര്യ ഗ്രൂപ്പുകൾക്ക് വിത്തുബില്ലുമായി ബന്ധപ്പെട്ട നിയമനിർമാണത്തിൽ വ്യത്യസ്ത പ്രതീക്ഷകളാണുള്ളത്. ജനിതക വ്യതിയാനം വരുത്തിയ പരുത്തി വിത്തുകൾ ഇന്ത്യൻ വിപണികളിൽ ലഭ്യമാണെന്ന വാർത്ത 2004 ൽ പുറത്തുവന്നപ്പോൾ അഖിലേന്ത്യാ വിള ജനിതക സാങ്കേതികവിദ്യാ അസോസിയേഷൻ സർക്കാരിനെ ചോദ്യംചെയ്യുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ജനിതക വ്യതിയാനം വരുത്തിയ പരുത്തിയുടെ കുത്തക സ്വന്തമാക്കിയ മോൺസാന്റോ സർക്കാരിന്റെ സഹായത്തിനെത്തി. നിലവിലെ വിത്തുനിയമത്തിലെ വ്യവസ്ഥകൾ ഉദ്ധരിച്ചാണ് മോൺസാന്റോ രംഗത്തിറങ്ങിയത്. ബ്രാന്റ് ചെയ്യപ്പെടാത്ത വിത്തുകൾക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നും അവ സാങ്കേതിക വിദ്യക്ക് തിരിച്ചടിയാകുമെന്നുമുള്ള ഇന്ത്യൻ വിത്തുനിയമത്തിലെ വാദത്തെ ഏറ്റുപറഞ്ഞാണ് മോൺസാന്റോയുടെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ സർക്കാറിനെ പിന്താങ്ങിയത്. ജനിതക സാങ്കേതിക വിദ്യയെ ചിട്ടയായി പഠിക്കുന്നതിനു പകരം അശ്രദ്ധമായി പ്രോത്സാഹിപ്പിക്കുകയാണ് ഒട്ടുമിക്ക നിയമങ്ങളും. സാങ്കേതികമായി പിന്നാക്കം നിൽക്കുന്ന നിരവധി ഏഷ്യൻ രാജ്യങ്ങൾക്ക് ജനിതക സാങ്കേതിക വിദ്യയെ സൂക്ഷ്മമായി പഠിക്കുവാനുള്ള സംവിധാനങ്ങളില്ല. ദേശീയ ജൈവ സുരക്ഷാ സംവിധാനങ്ങൾ അംഗീകരിക്കുന്ന മുറക്ക് ജനിതക വ്യതിയാനം വരുത്തിയ വിളകൾക്ക് അനുവാദം നൽകുന്നത്രയും



അയഞ്ഞതാകരുത് വിത്തുനിയമങ്ങൾ. അവ കൂടുതൽ ദൃഢവും കർക്കശവും ആയിരിക്കണം. പ്രാദേശിക വിത്തിനങ്ങളെ ജനിതക മലിനീകരണത്തിൽനിന്നും സംരക്ഷിക്കുവാനും അവയുടെ നിലനിൽപ്പ് ഉറപ്പുവരുത്തുവാനും മേഖലയുടെ വിത്തുസുരക്ഷയെ സംരക്ഷിക്കുവാനും നിയമങ്ങൾക്ക് കഴിയണം.

### 4.4 വിത്ത് വികസിപ്പിക്കൽ

ഔദ്യോഗികമായി വിത്തുകൾ വികസിപ്പിക്കുവാനും ഉത്പാദിപ്പിക്കുവാനും പ്രോത്സാഹനം നൽകുന്നതാണ് ഒട്ടുമിക്ക ഏഷ്യൻ വിത്ത് നിയമങ്ങളും. വ്യത്യസ്ത കാർഷിക മുറകളും ലാഭേച്ഛയുമാണ് പൊതുമേഖലാ സ്വകാര്യമേഖലാ വിത്തു കമ്പനികളെ കാർഷിക മേഖലയിലെ ഗവേഷണത്തിന് പ്രോത്സാഹിപ്പിക്കുന്നത്. സ്വാഭാവികമായും ഇത്തരം ഗവേഷണങ്ങൾ ഹൈബ്രിഡ് വിളകൾ, പൂക്കൾ, പച്ചക്കറികൾ, വ്യാവസായികാവശ്യത്തിനായ വിളകൾ തുടങ്ങിയ സാമ്പത്തിക ലാഭം കിട്ടുന്ന വിളകൾക്കായിരിക്കും പ്രാധാന്യം നൽകുക. ഉപ്പോവിന്റെ രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ ജനിതക ഘടനയിൽ വ്യത്യസ്ഥത പുലർത്തുന്ന വിളകളെ പ്രോത്സാഹിപ്പിക്കുന്നില്ല. ജനിതക വൈവിധ്യം ഉറപ്പുവരുത്തണമെന്ന വാദങ്ങൾക്ക് എതിരാണിത്. പ്രാദേശിക സാഹചര്യ ഭേദമന്യേ ഒരേയിനം വിത്തുകൾ ഉത്പാദിപ്പിക്കാനായിരിക്കും ഈ കമ്പനികൾ ശ്രമിക്കുക. കൃഷിഭൂമിയുടെ സ്വഭാവം, വെള്ളത്തിന്റെ അളവ് എന്നിങ്ങനെ ഒരുകൂട്ടം മാനദണ്ഡങ്ങളെ അടിസ്ഥാന മാക്കിയാണ് കർഷകർ വിത്തുകൾ തിരഞ്ഞെടുക്കുന്നത്. വിത്ത് കമ്പനികൾക്ക് ഈ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയില്ല. കർഷകർ സൗഹൃദ വലയങ്ങൾ വഴിയാണ് വിത്തുകൾ നേടുന്നത്. വിത്തുനിയമങ്ങൾ വിത്തു സൂക്ഷിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നതോടൊപ്പം വിത്തു കൈമാറ്റ സംവിധാനത്തെ തകർക്കുകയും ചെയ്യും.

### 4.5 ബൗദ്ധീക സ്വത്തവകാശവും (IPR) സ്വകാര്യവത്ക്കരണവും

ഗവേഷണഫലങ്ങൾക്കും ഉത്പന്നങ്ങൾക്കും ബൗദ്ധീക സ്വത്തവകാശം അനുവദിച്ച് നൽകണം എന്നതാണ് വിത്തു കമ്പനി കളുടെ പ്രധാന ആവശ്യം. ബൗദ്ധീക സ്വത്തവകാശം നേടിയെടുക്കുന്നതിന് ഒട്ടനവധി നിയമ നടപടികൾ മറികടക്കേണ്ടതുണ്ട്. അതിനാലാണ് വിത്ത് നിയമ ഭേദഗതികളിൽ ബൗദ്ധീക സ്വത്തവകാശത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ബൗദ്ധീക സ്വത്തവകാശം അനുവദിക്കപ്പെട്ട വിത്തിനങ്ങൾ രണ്ട് വിധത്തിൽ കർഷകർക്ക് അപ്രാപ്യമാണ്. ഒന്നാമതായി അവയ്ക്ക് ഉയർന്ന വിലനൽകണം. സാങ്കേതിക വിദ്യക്കുള്ള പ്രതിഫലമായ റോയൽറ്റി അടക്കമാണ് വിത്തിന്റെ വില. രണ്ടാമതായി കർഷകർക്ക് കൈവശം സൂക്ഷിക്കാവുന്ന നടീൽ വസ്തുക്കൾക്കുമേലും കൈവശം സൂക്ഷിക്കാവുന്ന വിളവിന്റെ അളവിൻമേലും (ഗുണമേന്മ, ഇനങ്ങളുടെ എണ്ണം,വിത്തിന്റെ അളവ്, വിത്ത് കൃഷിഭൂമി അനുപാതം എന്നിങ്ങനെ) ബൗദ്ധീക സ്വത്തവകാശ നിയന്ത്രണങ്ങൾ ചുമത്തുന്നു.

1995 ൽ ആണ് ലോക വ്യാപാര സംഘടന നിലവിൽ വരുന്നത്. അന്നുതൊട്ട് സംഘടനയിൽ അംഗമാകുന്നതിന് ഒട്ടനവധി രാജ്യങ്ങൾ ഉപ്പോവിൽ അംഗമാകുകയോ അംഗമാകാൻ പ്രേരിപ്പിക്കപ്പെടുകയോ ചെയ്തു. WTO, TRIPS എന്നിവയിലേക്കുള്ള കുറുക്കുവഴിയായാണ് ഉപ്പോവ് അറിയപ്പെടുന്നത്. ഉപ്പോവിൽ അംഗങ്ങളാകുന്ന രാജ്യങ്ങൾ അവരുടെ വിളകൾക്ക് ബൗദ്ധീക സ്വത്തവകാശം അനുവദിച്ചുകൊടുക്കേണ്ടതുണ്ട്. ഇത് അർത്ഥമാക്കുന്നത് സസ്യജാലങ്ങളുടെ സ്വകാര്യവത്ക്കരണം തന്നെയാണ്. ഏഷ്യാ-പസഫിക്കിലെ ന്യൂസിലാന്റ്, ആസ്ത്രേലിയ എന്നീ രാജ്യങ്ങൾ WTO യിൽ അംഗമാകുന്നതിന് മുമ്പ് ഉപ്പോവിൽ അംഗങ്ങളായി. ചൈന, കൊറിയ, സിംഗപ്പൂർ, വിയറ്റ്നാം എന്നീ രാജ്യങ്ങൾ WTO യിൽ അംഗമായതിന് ശേഷമാണ് ഉപ്പോവിൽ അംഗമായത്. പ്രസ്തുത രാജ്യങ്ങളുമായി സ്വതന്ത്ര വാണിജ്യ കരാറുകളിൽ ഏർപ്പെടുന്ന രാഷ്ട്രങ്ങൾ ഉപ്പോവ് അനുശാസിക്കുന്ന ബൗദ്ധീക സ്വത്തവകാശ ചട്ടങ്ങൾ പിന്തുടരാൻ നിർബന്ധിക്കപ്പെടും.

2008 ൽ കിഴക്കനേഷ്യൻ PVP ഫോറം സ്ഥാപിതമായി. ആസിയാൻ രാജ്യങ്ങളിലെയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ ആസിയാൻ സഹകരണ രാഷ്ട്രങ്ങളിലെയും വിത്ത് നിയമങ്ങൾ PVPക്ക് അനുസൃതമായി പരിവർത്തനപ്പെടുത്തി പ്രാബല്യത്തിൽ വരുത്തുകയാണ് ഈ ഫോറത്തിന്റെ ലക്ഷ്യം. PVP അനുവദിച്ച അവസാനത്തെ ഏഷ്യൻ രാജ്യം കംബോഡിയയാണ്. വിത്ത് നിയന്ത്രണവും വിത്ത് ഉത്പാദകരുടെ അവകാശങ്ങളും എന്ന പേരിൽ 2008ൽ രൂപീകരിച്ച നിയമത്തിലൂടെയാണ് കംബോഡിയയിൽ PVP നിയമങ്ങൾ അവതരിപ്പിച്ചത്. വിത്തുമായി ബന്ധപ്പെട്ട് വിവിധ രാഷ്ട്രങ്ങളിൽ ഒട്ടനവധി നിയമങ്ങളാണ് നിലനിൽക്കുന്നത്. വിത്തു നിയമങ്ങൾ വിത്തിന്റെ വിപണനത്തെ നിയന്ത്രിക്കുമ്പോൾ PVP നിയമങ്ങൾ ബൗദ്ധീക സ്വത്തവകാശത്തെ നിയന്ത്രിക്കുന്നു. ഇവ പരസ്പരം ശക്തിപ്പെടുത്തുന്ന നിയമങ്ങളായി നിലകൊള്ളുന്നു.

## ചില രാജ്യങ്ങളിലെ വിത്തുനിയമങ്ങൾ

| രാജ്യം | വിത്തുനിയമം | ബാധകമാകുന്ന വിധം | നിയമപ്രകാരം രൂപീകരിച്ച സ്ഥാപനങ്ങൾ |
|---|---|---|---|
| ഇന്ത്യ | 1966ലെ വിത്തു നിയമം.1972 ൽ ഭേദഗതി ചെയ്തു. 2004ൽ പുതിയ വിത്തുനിയമം പാർലമെന്റിൽ അവതരിപ്പിച്ചു. ബില്ല് പാസായിട്ടില്ല | നോട്ടിഫൈ ചെയ്ത വിത്തുകളെ നിയന്ത്രിക്കുന്നു. | കേന്ദ്ര വിത്ത് കമ്മറ്റി, കേന്ദ്ര വിത്ത് ലബോറട്ടറി, കേന്ദ്ര വിത്ത് സർടിഫിക്കേഷൻ ബോർഡ് |
| കൊറിയ | 1970 ലെ കാർഷിക വിത്ത് നിയമം | നിയമപരമായി ലൈസൻസ് ഇല്ലാതെ പ്രധാനപ്പെട്ട 8 വിത്തിനങ്ങളുടെവിൽപ്പന നിരോധിച്ചു. | ദേശിയ വിത്ത് കൗൺസിൽ |
| ഇന്തോനേഷ്യ | 1971 ലെ പ്രസിഡൻഷ്യൽ ഡിക്രീ ഓൺ സീഡ്. 1992 ലെ പ്ലാന്റ് കൾട്ടിവേഷൻ നിയമം, 1995 ലെ വിത്ത് സസ്യനിയന്ത്രണം. | കർഷകന്റെ വിത്തവകാശത്തെ നിയന്ത്രിക്കുന്നില്ല. അവയെ സ്വാഭാവിക വിത്തുകളെന്ന് നിയമം വിശേഷിക്കുന്നു. | ദേശീയ വിത്ത് ബോർഡ് |
| തായ്ലാന്റ് | 1975 ലെ വിത്തു നിയമം. 1992 ൽ പരിഷ്ക്കരിച്ചു | ഇരുപത് വിത്തിനങ്ങൾക്ക് ലേബലും ജെർമിനേഷൻ നിലവാരവും നിർബന്ധമാക്കി | പ്ലാന്റ് കമ്മിറ്റി |
| പാക്കിസ്ഥാൻ | 1976ലെ വിത്ത്നിയമം. 2010ൽ ഭേദഗതി ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചു. ഭേദഗതി അംഗീകാരത്തിനായി കാത്തുനിൽക്കുന്നു. | ഗുണനിലവാരം പാലിക്കാത്ത നോട്ടിഫൈ ചെയ്ത വിത്തുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നു. | ദേശീയ വിത്ത് കൗൺസിൽ, പ്രവിശ്യാ വിത്ത് കൗൺസിൽ, ദേശീയ വിത്ത് രജിസ്ട്രേഷൻ ഏജൻസി, ഫെഡറൽ വിത്ത് സർടിഫിക്കേഷൻ ഏജൻസി. |
| ബംഗ്ലാദേശ് | 1977 ലെ വിത്ത് വിജ്ഞാപനം. 1997 ലെ വിത്ത് നിയമം, 1998 ലെ വിത്ത് ചട്ടങ്ങൾ | വിത്ത് കച്ചവട സ്ഥാപനങ്ങൾ രജിസ്ട്രർ ചെയ്തിരിക്കണം. അഞ്ച് പ്രധാന വിത്തുകളുടെ വിൽപ്പന സർടിഫൈ ചെയ്തിരിക്കണം. | ദേശീയ വിത്ത് ബോർഡ്, സർക്കാർ വിത്ത് ലബോറട്ടറി, വിത്ത് സർടിഫിക്കേഷൻ ഏജൻസി. |
| നേപ്പാൾ | 1988 ലെ വിത്തു നിയമം. | നിശ്ചിത ഗുണനിലവാരമുള്ള വിത്തുകൾ മാത്രമേ വിൽക്കാൻ സാധിക്കുകയുള്ളു | വിത്ത് ബോർഡ് |

| രാജ്യം | വിത്തുനിയമം | ബാധകമാകുന്ന വിധം | നിയമപ്രകാരം രൂപീകരിച്ച സ്ഥാപനങ്ങൾ |
|---|---|---|---|
| ഫിലിപ്പൈൻസ് | 1992ലെ വിത്ത് വ്യവസായ വികസന നിയമം | വിത്തു വ്യവസായത്തെ വളർത്തിക്കൊണ്ടുവരാൻ പ്രോത്സാഹനം നൽകുന്നു | ഫിലിപ്പൈൻസ് വിത്തുബോർഡിന്പകരം ദേശീയ വിത്തുവ്യവസായ കൗൺസിൽ നിലവിൽ വന്നു |
| വിയറ്റ്നാം | 1996 ലെ ഡിഗ്രീ ഓൺ മാനേജ്മെന്റ് ഓഫ് പ്ലാന്റ് സീഡ് | വിത്ത് ഉത്പാദകർക്ക് ലൈസൻസ് നിർബന്ധമാക്കി | സീഡ് റിസർവ് ഫണ്ട് |
| ചൈന | 2000 ലെ വിത്ത് നിയമം. 2004 ൽ ഭേദഗതി ചെയ്തു | വിത്ത് വ്യാപാരത്തിന് ലൈസൻസ് നിർബന്ധമാക്കി. കർഷകർക്ക് സ്വതന്ത്രമായി വിത്തുകൾ ശേഖരിക്കുകയും കൈമാറുകയും ചെയ്യാം | ഗുണനിലവാരമുള്ള വിത്ത് ഉത്പാദിപ്പിക്കാൻ പ്രത്യേക ഫണ്ട്. |
| ശ്രീലങ്ക | 2003ലെ വിത്തു നിയമം | വിത്ത് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കണം. വിത്ത് സർടിഫൈ ചെയ്തിരിക്കണം. കർഷകരെ വിത്ത് സൂക്ഷിക്കുന്നതിൽനിന്നും കൈമാറ്റം ചെയ്യുന്നതിൽ നിന്നും തടയുന്നില്ല. | ദേശീയ വിത്ത് കൗൺസിൽ |

# PVPനിയമങ്ങളും കർഷകന്റെ സ്വാതന്ത്ര്യവും

| രാജ്യം | UPOV അംഗമാണോ? | PVP നിയമം നിലവിൽ വന്ന വർഷം | കൃഷിക്കാരെ ബാധിക്കുന്ന വിധം |
|---|---|---|---|
| തായ്‌ലാന്റ് | അല്ല | 1999 | PVP രജിസ്ട്രേഷനുള്ള വിത്തുകൾ ഉപയോഗിച്ച് കർഷകർ വാങ്ങിയ വിത്തിന്റെ മൂന്നിരട്ടിയിലധികം വിത്ത് ഉത്പാദിപ്പിക്കാൻ പാടില്ല. |
| ചൈന | അതെ | 1999 | സ്വന്തം ആവശ്യത്തിന് പാരമ്പര്യ വിത്തുകളും PVP വിത്തുകളും PVP അവകാശികളുടെ അനുമതിയില്ലാതെയും കർഷകർക്ക് സ്വന്തം ഭൂമിയിൽ ഉത്പാദിപ്പിക്കാം. മറ്റെല്ലാ ഉപയോഗങ്ങൾക്കും PVP അവകാശികളുടെ അനുമതി തേടണം |
| ഇന്തോനേഷ്യ | അല്ല | 2000 | കർഷകർക്ക് PVP വിത്തുകൾ വാണിജ്യേതര ആവശ്യത്തിന് ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യാം |
| ഇന്ത്യ | അല്ല | 2001 | കർഷകർക്ക് PVP വിത്തുകൾ സൂക്ഷിക്കാനും ഉപയോഗിക്കാനും കൈമാറാനും വിൽക്കാനും സാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ ബ്രാന്റു ചെയ്ത് ഇത്തരം വിത്തുകൾ വിൽക്കാൻ അവകാശമില്ല. |
| കൊറിയ | അതെ | 2001 | PVP രജിസ്ട്രേഷനുള്ള വിത്തുകൾ കർഷകർ സ്വന്തം ആവശ്യത്തിന് ശേഖരിക്കുകയാണെങ്കിൽ കാർഷിക, വനം മന്ത്രിമാർക്ക് വിത്തുകമ്പനിയുടെ അവകാശത്തെ കർഷകർക്ക് അനുകൂലമായി നിയന്ത്രിക്കാം. |
| ഫിലിപ്പൈൻസ് | അല്ല | 2002 | വിത്ത് ഉത്പാദിപ്പിക്കാനും ഉപയോഗിക്കാനും പങ്കിടാനുമുള്ള കർഷകന്റെ പാരമ്പര്യ അവകാശങ്ങൾ നിയമം അനുസരിച്ച് സുരക്ഷിതമാണ്. വാണിജ്യാടിസ്ഥാനത്തിൽ വിത്ത് ഉത്പാദിപ്പിക്കാൻ അവകാശമില്ല. |
| മലേഷ്യ | അതെ | 2004 | ചെറുകിട കർഷകർക്ക് PVPരജിസ്ട്രേഷനുള്ള വിത്തുകൾ മാത്ര മേ സ്വന്തം കൃഷിയിടത്തിൽ ഉപയോഗിക്കാൻ അവകാശമുള്ളൂ. ചെറുകിട കർഷകരുമായി ചെറിയ അളവിൽ വിത്തുകൾ കൈമാറ്റം ചെയ്യാം. പ്രകൃതി ക്ഷോഭ ത്താലോ പ്രതികൂല സാഹചര്യങ്ങ ളാലോ കർഷകർക്ക് സ്വന്തമായി വിത്തുകൾ ഉത്പാദിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ശക്തമായ നിയമങ്ങൾക്കുകീഴെ മറ്റു കർഷകരിൽ നിന്നും വിത്തുകൾ വാങ്ങാം. ആവശ്യത്തിലധികം വിത്തുകൾ വാങ്ങാൻ അവകാശമില്ല. |

### 4.6 കർഷകരും അവകാശങ്ങളും

ചെറുകിട കർഷക ഗ്രൂപ്പിനെ നിർവചിക്കാൻ ചില വിത്ത് നിയമങ്ങൾ ശ്രമിക്കുന്നുണ്ട്. ചെറുകിട കർഷകർക്കുവേണ്ടിയുള്ള ഫിലിപ്പൈൻസ് മാഗ്നാകാർട്ട ചെറുകിട കർഷകരെ നിർവചിക്കുന്നത് ഇപ്രകാരമാണ്. "പ്രകൃതിയോട് അടുത്ത് കൃഷി ചെയ്യുന്നവരാണ് ചെറുകിട കർഷകർ. അവരുടെ മുഖ്യ വരുമാനമാർഗം ചെറുകിട കൃഷിയാണ്. അവർ ഉത്പന്നങ്ങൾ പണത്തിനോ ഉത്പന്നത്തിനോ പകരം കൈമാറ്റം ചെയ്യുന്നു. അവരുടെ വാർഷിക വരുമാനം 1992 ലെ മൂല്യനിരക്കിൽ 180000 പെസോയിൽ കൂടാൻ പാടില്ല".



ഫിലിപ്പൈൻസ് കാർഷിക നിയമം പ്രകാരം "അഞ്ച് ഹെക്ടറിലും അതിൽ താഴെയും ഭൂമിയിൽ കൃഷിചെയ്യുന്നവരാണ് ചെറുകിട കർഷകർ". "0.2 ഹെക്ടറിലും അതിൽ താഴെയും ഭൂമിയിൽ കൃഷിചെയ്യുന്നവരാണ് മലേഷ്യൻ നിയമപ്രകാരം ചെറുകിട കർഷകർ".

വിത്ത് ഉത്പാദിപ്പിച്ച് കൃഷിചെയ്യുന്ന ആളെന്ന നിലയിൽ നിന്നും വിത്ത് വാങ്ങി ഉപയോഗിക്കുന്ന ആളെന്ന നിലയിലേക്ക് വിത്തുനിയമങ്ങൾ കർഷകനെ മാറ്റുന്നു. ഇവിടെ വിത്ത് ഉത്പാദിപ്പിക്കുന്ന വിത്ത് കമ്പനികൾ ഒരുവശത്തും വിത്ത് വാങ്ങി ഉപയോഗിക്കുന്ന കർഷകർ മറുവശത്തുമാണ്. വിത്ത് നിയമങ്ങൾ ചോദ്യം ചെയ്യപ്പെടുന്നത് അത് ഏതുരീതിയിൽ വിത്തുകളെ നിയന്ത്രിക്കുന്നു എന്നതിലല്ല, മറിച്ച് വിത്ത് നിയന്ത്രണം വഴി ഏതുരീതിയിലുള്ള കർഷക അവകാശങ്ങളാണ് അവ നൽകുന്നത് എന്നതിനെ അടിസ്ഥാനമാക്കിയാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഒട്ടുമിക്ക ഏഷ്യൻ വിത്ത് നിയമങ്ങളിലും കർഷകന്റെ അവകാശങ്ങൾ PVP അനുശാസിക്കുന്ന പ്രകാരമാണ്. കർഷകന്റെ അവകാശങ്ങൾ ഉറപ്പുവരുത്താൻ യാതൊരു നിയമവും നിലവിൽ

ഇല്ലാത്ത ഇന്തോനേഷ്യ, മലേഷ്യ എന്നീ രാജ്യങ്ങൾ കർഷക അവകാശങ്ങൾ ഉറപ്പുവരുത്താൻ ശ്രമിക്കുന്നത് PVP നിയമ നിർമ്മാണത്തിലൂടെയാണെന്നത് തമാശയാണ്. ഇന്ത്യയുടെ PVPനിയമത്തിൽ കർഷകന്റെ അവകാശങ്ങൾ എന്ന അധ്യായത്തിൽ ഇത് നിർവചിക്കാൻ ശ്രമിക്കുന്നുണ്ട്. കർഷകരുടെയും വിത്ത് കമ്പനികളുടേയും അവകാശങ്ങൾ കൃത്യമായി നിർവചിക്കപ്പെടണം എന്ന ശക്തമായ ആവശ്യത്തെ തുടർന്നാണ് ഈ അധ്യായം ഉൾപ്പെടുത്തിയത്. മലേഷ്യയിൽ 2004 ൽ അവതരിപ്പിക്കപ്പെട്ട വിത്ത് നിയമം 2007 ൽ നിലവിൽ വന്നു. നിയമപ്രകാരം PVP ബോർഡ് അതേവർഷം PVPക്ക് വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കർഷകന്റെ വിത്തുകളെ രജിസ്ട്രേഷൻ ചെയ്യുന്ന പ്രക്രിയയെ നിയമം കൂടുതൽ ലളിതമാക്കിയിട്ടുണ്ട്. കർഷകരോ, പ്രദേശിക സമൂഹമോ, പരമ്പരാഗത ജനതയോ, വികസിപ്പിച്ചെടുത്ത വിത്തുകളെ സ്ഥിരതയുടെയും, ഏകീകൃതത്തിന്റെയും മാനദണ്ഡങ്ങളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കർഷകന്റെ വിത്തുകളെ വേർതിരിച്ചറിയാൻ കഴിഞ്ഞാൽ മതി. വാണിജ്യാടിസ്ഥാനത്തിലല്ലാതെ വിത്തുകളെ വികസിപ്പിക്കുവാനും ശേഖരിക്കുവാനും പരസ്പരം കൈമാറുവാനും ഈ നിയമം കർഷകരെ അനുവദിക്കുന്നുണ്ട്. എന്നാൽ കൃത്യമായ നിയന്ത്രണങ്ങൾ ഈ നിയമം അനുശാസിക്കുന്നുണ്ട്.



സ്വകാര്യ വിത്തുത്പാദകരുടെ സാമ്പത്തിക അവകാശങ്ങളെ സംരക്ഷിക്കുന്നതും വിത്തിൻമേലും വിത്തുമായി ബന്ധപ്പെട്ട അറിവിൻമേലും സ്വകാര്യസ്വത്തവകാശം അനുവദിക്കുന്നതുമാണ് PVP. ഇത്തരം വിത്തുനിയമങ്ങൾ കർഷകരെ നിയമപരമായി നേരിടാൻ കുത്തകകളെയും വിത്ത് ഉത്പാദകരെയും പര്യാപ്തരാക്കുന്നു. ഇന്തോനേഷ്യയിൽ പി റ്റി ബിസി എന്ന കമ്പനി വികസിപ്പിച്ചെടുത്ത ചോളത്തിന്റെ വിത്ത് ഉത്പാദന രീതി കമ്പനി കർഷകരുമായി പങ്കുവെച്ചിരുന്നു. ഈ സാങ്കേതിക വിദ്യ

ഉപയോഗിച്ച് വിത്ത് ഉത്പാദിപ്പിച്ച ഒരുകൂട്ടം കർഷകരെ കമ്പനി പിന്നീട് കോടതി കയറ്റി. മറ്റ് ചില നിയമങ്ങളാകട്ടെ വിത്ത് ഇൻസ്പെക്ടർമാർക്ക് കർഷകരുടെ തോട്ടത്തിൽനിന്നും അവരുടെ എതിർപ്പ് വകവയ്ക്കാതെ ചെടികളും വിത്തുകളും ശേഖരിക്കാൻ അധികാരം നൽകുന്നു.

വിത്തുകമ്പനികളും നയരൂപീകരണം നടത്തുന്നവരും സർക്കാർ ഏജൻസികളും തമ്മിലുള്ള കൂട്ടുകെട്ട് കൂടുതൽ ദൃഢമായിക്കൊണ്ടിരിക്കുന്നു. കർഷകർ നാളിതുവരെ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ ഇതിന് കഴിയും.

**5.0 ഭാവിപ്രവണതകൾ**

ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് വിത്ത് നിയമങ്ങളും മാറ്റത്തിന് വിധേയമാകുന്നുണ്ട്. ഈ കാരണത്താൽ ഏഷ്യയിലെയും അതോടൊപ്പം ലോകത്തിലാകമാനവും കാർഷിക ഭക്ഷ്യ മേഖലയും മാറുന്നു. മുമ്പെങ്ങും ഇല്ലാതിരുന്നവിധം വൻകിട കമ്പനികൾ വിത്തുകൾക്കുമുകളിൽ അധികാരം നേടുന്നു. കർഷകരുടെ വിത്തവകാശം പൂർണ്ണമായും ഇല്ലാതാകുംവരെ ഇതുതുടരും എന്ന് വിത്തുകമ്പനികൾ നിശ്ചയിച്ചിരിക്കുന്നു. ആയതിനാൽ ഏഷ്യൻ രാജ്യങ്ങളിലെ വിത്തുനിയമങ്ങൾ പാരമ്പര്യവിത്തുകളെയും വിത്തുശേഖരണത്തെയും കൂടുതൽ നിയന്ത്രിക്കുകയും കർഷകർക്ക് ഇതൊരു വെല്ലുവിളിയായി തീരുകയും ചെയ്യും. വരുംകാല ഭീഷണികൾ താഴെപറയും പ്രകാരമാകാം.

- ശക്തമായ സാമ്പത്തിക മാന്ദ്യത്തിലും വിത്ത് കമ്പനികൾ വർദ്ധിച്ച അളവിൽ ലാഭം നേടി. മാത്രമല്ല കൂടുതൽ കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. വിത്ത് വ്യവസായം ചില കമ്പനികളിലേക്ക് കേന്ദ്രീകരിച്ചു. അന്താരാഷ്ട്ര ഭക്ഷ്യസംഘടനയുടെ കണക്കുപ്രകാരം 1997 ൽ ലോകത്തെ 11ാം വിത്ത് ഉത്പാദന കമ്പനിയായിരുന്ന മോൺസാന്റോ 2008 ൽ ലോകത്തെ ഒന്നാമത്തെ വിത്ത് ഉത്പാദന കമ്പനിയായി മാറി. പത്ത് വർഷം കൊണ്ട് മോൺസാന്റോ നേടിയ വരുമാനം 1997ൽ ആദ്യത്തെ ആറു കമ്പനികൾ നേടിയതിന് തുല്ല്യമാണ്. FAO യുടെ കണക്കുപ്രകാരം മോൺസാന്റോ, ഡ്യൂപോണ്ട്, സിൻജെന്റ തുടങ്ങിയ കമ്പനികൾ ലോകത്തെ വിത്തുവിപണിയുടെ 30 ശതമാനവും നിയന്ത്രിക്കുന്നു.

## നെൽകൃഷിയുമായി ബന്ധപ്പെട്ട ചില നിയമങ്ങൾ

ഏഷ്യക്ക് നെൽകൃഷിയുടെ 10000 വർഷത്തെ പാരമ്പര്യമുണ്ട്. പരമ്പരാഗത വിത്തുസംരക്ഷണ സമ്പ്രദായങ്ങളുടെ നീണ്ട ചരിത്രമാണിത്. അരി ജീവനു തുല്യമായി കാണുന്ന ഏഷ്യയിൽ നെൽ വിത്തുകളുടെ സംരക്ഷണത്തിന് പ്രധമപ്രാധാന്യമുണ്ട്. മിക്ക രാജ്യങ്ങളുടെയും വിത്തുനിയമപ്രകാരം അംഗീകൃത ഇനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമേ വിപണനം ചെയ്യാവൂ. ഇക്കാരണത്താൽ ചില ദക്ഷിണ പൂർവ്വേഷ്യൻ സർക്കാറുകൾ അരിയുമായിബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. ഏഷ്യൻ വിപണിയിലെ മുഖ്യ കാർഷിക ഉത്പന്നം അരിയാണ്. മറ്റൊരു രീതിയിൽ അരിയുടെ പ്രധാന വിപണിയാണ് ഏഷ്യ.

ലോകത്തിൽ ഏറ്റവും കൂടുതൽ അരി കയറ്റുമതി ചെയ്യുന്നത് തായ്ലാന്റാണ്. 1946 ൽ അരി വാണിജ്യ നിയമം തായ്ലാന്റിൽ നിലവിൽ വന്നു. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് കർഷകർക്ക് 2 മെട്രിക്ക് ടൺ നെല്ലുവരെ വിൽക്കാനും കൈമാറാനും തടസ്സങ്ങളില്ല. തായ്ലാന്റ് സർക്കാറിന്റെ ചട്ടപ്രകാരം വിദേശികൾക്ക് തായ്ലാന്റിൽ നെൽവയൽ സ്വന്തമാക്കാനോ പാട്ടത്തിനെടുക്കാനോ കഴിയില്ല.

അരി കയറ്റുമതിയിൽ തായ്ലാന്റിന്റെ മുഖ്യ എതിരാളി വിയറ്റ്നാമാണ്. കയറ്റുമതി മുൻനിർത്തി വിയറ്റ്നാമീസ് വിത്തുനിയമങ്ങൾ വിത്തുകളുടെ ഗുണനിലവാരത്തിന് പ്രധാന്യം നൽകുന്നു. സങ്കരയിനം വിത്തുകളുടെ ഉത്പാദനത്തിൽ പരിശീലനം ലഭിച്ച വിദഗ്ദ്ധർ ഉണ്ടാകണമെന്ന് നിയമം നിഷ്കർഷിക്കുന്നുണ്ട്.

രാജ്യാന്തര നടീൽ വസ്തുക്കളുടെ വാണിജ്യം പല രാജ്യങ്ങളിലും നിയന്ത്രിതമാണ്. മലേഷ്യയിൽ വിദേശ രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്ന വിത്തിനങ്ങൾ വിൽക്കാൻ കഴിയില്ല. ഇതു മറികടന്ന് ചൈനയിൽനിന്നും ഹൈബ്രിഡ് നെല്ലുഗവേഷണ ആവശ്യത്തിന് വിത്തുകൾ എത്തിക്കാൻ ഹൈബ്രിഡ് നെല്ലിന്റെ പിതാവായ യുവാൻ ലോംഗ്പിങ് മലേഷ്യൻ ദേശീയ കാർഷിക ഗവേഷണ സ്ഥാപനവുമായും (MARDI) പ്രാദേശിക സംഘടനയായ Yayasan Tuanku Syed Sirajuddin നുമായും പ്രത്യേകം കരാറിലേർപ്പെട്ടിരുന്നു.

ഇന്ത്യയിൽ നെൽകൃഷിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാറുകളും നിയമങ്ങൾ രൂപീകരിക്കുന്നു. കേരള സർക്കാർ പാസാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഇത്തരത്തിൽ പ്രധാനപ്പെട്ടതാണ്.

● സ്വതന്ത്ര വ്യാപാര ഉടമ്പടി (FTA) വഴിയും സ്വതന്ത്ര നിക്ഷേപ ഉടമ്പടികൾ വഴിയും വൻകിട കമ്പനികൾ ഏഷ്യൻ വിത്തു നിയമങ്ങളെ സ്വാധീനിക്കുന്നതു തുടരും. അമേരിക്കയുടെ ആവശ്യം വിത്തുകൾക്കുമേൽ പേറ്റന്റ് എടുക്കാൻ പറ്റുന്ന രീതിയിലുള്ള വ്യാപാര പങ്കാളികളെ കണ്ടെത്തുകയും സ്വതന്ത്ര വ്യാപാര ഉടമ്പടി വഴി ഉപ്പോവിൽ അംഗമാകുകയുമാണ്. യൂറോപ്യൻ യൂണിയനും ജപ്പാനും അത് ആവശ്യമാണ്. ഇതോടോപ്പം ഭൗതിക സ്വത്തവ കാശത്തെ (IPR) പോലീസ് മുറയിലുള്ള നിരീക്ഷണങ്ങൾക്ക് വിധ യമാക്കും. ഇതോടൊപ്പം കൂടുതൽ ബൗദ്ധീക സ്വത്തവകാശവും കഴിവുകളും ആർജ്ജിക്കാൻ കുടുതൽ ഫണ്ടും സ്വതന്ത്ര വ്യാപാര കരാർ കൊണ്ടുവരുന്നു. വിത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്ത നങ്ങളും നീതിരഹിതമായ നീതിന്യായ സംവിധാനവും ഏഷ്യ യിലെ കർഷകരെ കുടുതൽ പീഡനങ്ങൾക്ക് ഇരയാക്കും.

● കാലാവസ്ഥാ വ്യതിയാനവും ഭക്ഷ്യദൗർലഭ്യവും വൻകിട കുത്തകൾകൾക്കും സർക്കാരുകൾക്കും സാങ്കേതിക വിദ്യകൾ കാർഷിക മേഖലയിൽ പ്രോത്സാഹിപ്പിക്കാനുള്ള ന്യായീകരണ മായി മാറിയിരിക്കുന്നു. അന്തക സാങ്കേതികവിദ്യയുടെ ഭീഷണി ഒഴിവായിട്ടില്ല. ജൈവപരമായിത്തന്നെ വിത്ത് സംരക്ഷണം അസാ ധ്യമാക്കുന്ന അടുത്ത ഭീഷണിയായിരിക്കും ഇത്. ജനിതക സാങ്കേതിക വിദ്യയുടെ സഹായത്താൽ വികസിപ്പിച്ചെടുത്ത "സോംബി" വിത്തുകൾ അധികം വൈകാതെ വിപണിയിലെത്തും. പ്രത്യേകതരം രാസവസ്തുക്കളിൽ പരിചരിക്കാതെ സോംബി വിത്തുകൾ മുളക്കില്ല. കർഷകർക്ക് വിത്തുകൾ ശേഖരിക്കാൻ കഴിയുമെങ്കിലും അവ ഉപയോഗിക്കാൻ കഴിയില്ലെന്ന് ചുരുക്കം.

● അമേരിക്കയിലെയും യൂറോപ്പിലെയും വിത്ത് വിപണി ബഹുരാഷ്ട്ര കുത്തകകളുടെ നിയന്ത്രണത്തിലാണ്. വിപണി വ്യാപനത്തിന്റെ ഭാഗമായാണ് ഈ കമ്പനികൾ ഏഷ്യൻ രാജ്യങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നത്. യൂറോപ്പിലെ വൻകിട വിത്തുകമ്പനിയായ വിൽമോറിൻ ഇന്ത്യയിലെ ജനിതക സാങ്കേതികവിദ്യാ സ്ഥാപനമായ അവസ്താജന്നുമായി 2006ലും ചൈനയിലെ വിത്ത് ഗവേഷണ സ്ഥാപനമായ യുവാൻ ലോംഗ്പിങ് ഹൈടെക്കുമായി 2008 ലും വാണിജ്യ വ്യാപനത്തിന് ധാരണയായി. 2009 നവംബറിൽ മോൺസാന്റോ അതിന്റെ ചൈനയിലെ ആദ്യത്തെ ഗവേഷണ സ്ഥാപനം തുടങ്ങി. പച്ചക്കറി വിത്തിലാണ് പുതിയ കമ്പനികൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. അമേരിക്കൻ, യൂറോപ്യൻ യൂണിയൻ, ജപ്പാൻ കമ്പനികൾക്ക് കുത്തക ഉണ്ടായി

രുന്ന ഫിലിപ്പൈൻസ്, തായ്‌ലാന്റ്, തായ്‌വാൻ തുടങ്ങിയ രാജ്യങ്ങളിൽ മത്സരസന്നദ്ധരായി പ്രാദേശിക കമ്പനികളും രംഗത്തിറങ്ങിയിട്ടുണ്ട്. മേഖലയിലെ വിത്തുനിയമങ്ങളിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ ഈ കമ്പനികൾ പ്രധാന പങ്ക് വഹിക്കും.

- വിത്തിന്റെ കാര്യത്തിൽ മാത്രമല്ല ഏഷ്യൻ രാജ്യങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ബന്ധപ്പെട്ടനിയമ നിർമ്മാണങ്ങളെ തന്നെ കർഷകസംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളും ചോദ്യം ചെയ്യുന്നു. നിയമങ്ങളുടെ ഉള്ളടക്കത്തെ മാത്രമല്ല നിയമ നിർമ്മാണപ്രക്രീയയെ തന്നെ സ്വകാര്യ കമ്പനികൾക്ക് സ്വാധീനിക്കാൻ കഴിയുന്നു എന്നത് ആശങ്കാജനകമാണ്.

ഇന്ത്യ പോലെ ഫെഡറൽ സ്വഭാവമുള്ള രാജ്യങ്ങളിൽ വിത്തുനിയമങ്ങൾ രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാറുകൾക്കാണെങ്കിലും, വികേന്ദ്രീകരണത്തെ ഹനിക്കുന്ന രീതിയിൽ വിത്തുസംബന്ധമായ കാര്യങ്ങളിൽ കേന്ദ്ര സർക്കാറുകൾ തീരുമാനങ്ങൾ എടുക്കുന്നു. വൻകിട കുത്തകകളും രാഷ്ട്രീയ ആധിപത്യം ഉള്ളവരും ഗ്രാമീണ ജീവിതത്തെ സ്വാധീനിക്കുന്ന വിഷയങ്ങളിൽ ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

അടിച്ചമർത്തിയും, പൗരസമൂഹത്തിന്റെ പ്രവർത്തനങ്ങളെ നിരോധിച്ചും, ഭൂസമരങ്ങളെ നേരിടാൻ സൈന്യത്തെ ഉപയോഗിച്ചും, പോലീസിനെ ഉപയോഗിച്ച് മർദ്ദിച്ചും, കോടതികളുടെ നീതിരഹിത പ്രതികരണങ്ങളിലൂടെയുമാണ് ജനകീയ സമരങ്ങളെ നേരിടുന്നതായി കാണുന്നത്. പ്രസ്തുത സാഹചര്യത്തിൽ ജനങ്ങൾ തുടർന്നു സംഘടിക്കേണ്ടതുണ്ട്.

**6.0 ജനങ്ങളുടെ പ്രതികരണം**

ഭക്ഷ്യ പരമാധികാരം എന്ന ആശയം ഉയർത്തിപ്പിടിച്ചാണ് വിത്തുകൾക്കുമേൽ ഏറിവരുന്ന നിയന്ത്രണങ്ങളോട് കർഷകർ പ്രതികരിക്കുന്നത്. ഭക്ഷണത്തിനും കാർഷിക നയങ്ങൾക്കുംമേൽ തീരുമാനങ്ങളെടുക്കാനും , സംസ്ക്കാരത്തിന് ഇണങ്ങുന്നതും സുരക്ഷിതവുമായ ഭക്ഷണം ആവശ്യത്തിന് ലഭിക്കാനും, ഭൂമിക്കും സ്ഥായിയായ വിഭവങ്ങൾക്കുവേണ്ടിയും, സുസ്ഥിരമായ ഉത്പാദന പ്രവർത്തനങ്ങൾക്കും ജീവിതരീതിക്കുവേണ്ടിയും, ലിംഗ, സാമൂഹ്യ, പാരിസ്ഥിതിക നീതിക്കുവേണ്ടിയുമുള്ള കർഷകന്റെ അവകാശത്തെ

തിരിച്ചറിയുന്നതും വളർത്തുന്നതുമാണ് ഭക്ഷ്യപരമാധികാരം. വിത്ത വകാശം നിഷേധിക്കുന്നത് കാർഷിക സമൂഹങ്ങളുടെ ഭക്ഷ്യ പര മാധികാരത്തെ ഇല്ലാതാക്കും. ഇക്കാരണത്താൽ സുസ്ഥിരമെന്ന് കാലം തെളിയിച്ച കാർഷിക രീതികൾക്കും ജൈവവൈവിധ്യ ത്തിനും എതിരെയുള്ള ആക്രമണത്തിനെതിരെ കർഷകരുടെയും പ്രാദേശിക സമൂഹങ്ങളുടെയും സാമുഹ്യ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം രൂപംകൊള്ളുന്നുണ്ട്. പ്രതി ഷേധം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രൂപത്തിലാണ്. അവ നയരൂപീകരണതലം മുതൽ ജനകീയ തലം വരെ രൂപപ്പെട്ടു വരുന്നു.

### 6.1 നയരൂപീകരണ തലത്തിലെ പ്രതിരോധം

രോഷാകുലരായ കർഷകർ തങ്ങളുടെ പാരമ്പര്യ അവകാ ശങ്ങൾ, തനിമ, സംസ്ക്കാരം എന്നിവയെ നിലനിർത്താനും, നില നിൽപ്പിനുവേണ്ടിയും വിത്ത് നിയമത്തിനെതിരെ സമരത്തിലാണ്. ഇന്ത്യയിൽ 2004 ൽ പുതിയ വിത്ത് ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചെങ്കിലും ജനങ്ങളുടെ ശക്തമായ എതിർപ്പാണ് ബില്ലിനെ നിയമം ആക്കുന്നതിൽനിന്നും തടഞ്ഞത്. പാർലമെന്റ് അംഗങ്ങളെയും നയരൂപീകരെയും സ്വാധീനിക്കലാണ് മറ്റൊരു വഴി. തുർക്കിയുടെ ദേശീയ വിത്ത് നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് 2007ൽ കർഷകരും ഉപഭോക്തൃസംഘടനകളും നിയമയുദ്ധം നട ത്തുകയുണ്ടായി. ഏഷ്യയിലാകമാനം വിത്ത് നിയമ രൂപീകരണത്തിൽ സുതാര്യതയും പൊതുജന പങ്കാളിത്തവും ഉറ പ്പുവരുത്തണമെന്ന ആവശ്യം ഉയർന്നുവരുന്നു. വിത്തുമായി ബന്ധ പ്പെട്ട വിവാദങ്ങളിൽ ചില സംഘടനകൾ കർഷക കോടതികൾ സംഘടിപ്പിച്ച് വിചാരണകൾ നടത്തുന്നു.

വിത്തുനിയമത്തിനെതിരായ സമരത്തിൽ കർഷകസംഘട നകൾ ചില തന്ത്രപരമായ തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കു ന്നു. കർഷകന്റെ സാമൂഹ്യസ്ഥാനം സംരക്ഷിക്കാനും, DUS മാനദ ണ്ഡങ്ങളിൽനിന്നും ഒഴിവാക്കാനും, ഫീസുകൾ എടുത്തുകളയാ നും, നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചാൽ മതിയോ, വിത്തു നിയമത്തിലെ സാധ്യതകൾ ഉപയോഗിച്ച് കർഷകർ നിയന്ത്രിക്കുന്ന വിത്തുത്പാദന വ്യവസായങ്ങൾ തുടങ്ങി ബദലുകൾ സൃഷ്ടിക്ക ണോ അതോ മറ്റുചില കർഷകരും സാമൂഹ്യപ്രവർത്തകരും ചെയ്യുന്നതു

പോലെ കർഷക വിരുദ്ധ വിത്ത് സംവിധാനത്തിനെതിരെ കർഷക കേന്ദ്രീകൃതമായ ബദലുകൾ ശക്തിപ്പെടുത്തണോ എന്ന് തീരുമാനിക്കണം.

കർഷകന്റെ പാരമ്പര്യ വിത്തവകാശങ്ങളെയും പാരമ്പര്യ കാർഷിക അറിവുകളെയും നിയമംവഴി പ്രോത്സാഹിപ്പിക്കാത്ത ഔദ്യോഗിക സംവിധാനങ്ങളെ ആശ്രയിക്കാതെ ചെറുകിട കർഷകർ സ്വന്തമായി നിയമാവലിയുള്ളതും സാമൂഹ്യ ഉടമസ്ഥതയിലുള്ളതുമായ വിത്തു ബാങ്കുകൾ നടത്തിവരുന്നു. ദക്ഷിണേന്ത്യയിലെ വനിതാ സംഘങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

സന്നദ്ധ സംഘടനകളുടെയും, കർഷകരുടെ ക്ഷേമം ആഗ്രഹിക്കുന്ന ശാസ്ത്രജ്ഞരുടെയും സഹായത്തോടുകൂടി ഫിലിപ്പൈൻസിലെ മാസിപാഗ്, ദക്ഷിണേഷ്യയിലെ ആദർശ തുടങ്ങി നിരവധി സംഘടനകൾ കാർഷിക രംഗത്തെ ഗവേഷണങ്ങളെ ജനാധിപത്യ വത്ക്കരിക്കണമെന്നും, കർഷകന്റെ അറിവുകളെ അടിസ്ഥാനപ്പെടുത്തിയും, ഗവേഷണങ്ങൾക്കും വികസിപ്പിച്ചെടുത്ത വിത്തുകൾക്കുമുകളിൽ കർഷകന്റെ നിയന്ത്രണം ഉണ്ടായിരിക്കണമെന്നു ആവശ്യപ്പെടുന്നു. നയരൂപീകരണത്തിൽ കർഷകരുടെ പ്രാധിനിത്യം ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കും.



## കർഷകരെ തകർക്കുന്ന ജാപ്പനീസ് സ്വതന്ത്ര വ്യാപാര കരാറുകൾ (FTAs)

പ്രദേശിക സ്വയംപര്യാപ്തതയെയും സംസ്കാരത്തെയും തുടച്ചുനീക്കിക്കൊണ്ട് തെക്കൻ രാജ്യങ്ങളിലേക്ക് കടന്നുകയറിയിരുന്നത് യൂറോപ്പിലേയും അമേരിക്കയിലേയും കമ്പനികളായിരുന്നുവെങ്കിൽ ഇപ്പോൾ ജപ്പാനിലെ "സക്കാത്ത വിത്ത് കോർപ്പറേഷനും" അവർക്കൊപ്പം ചേർന്നിരിക്കുന്നു. ജപ്പാൻ അവരുടെ സ്വതന്ത്ര വ്യാപാര കരാറുകൾ ഉപയോഗിച്ച് വിത്തിൻമേലുള്ള കുത്തക അവകാശം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കരാറിലേർപ്പെടുന്ന രാജ്യങ്ങളിൽ ജീവന്റെ മേൽ പേറ്റന്റ് അനുവദിക്കാനും വിത്തിൻമേലുള്ള ഉടമസ്ഥതാവകാശം ഉറപ്പിക്കാനും കർഷകരെക്കൊണ്ട് റോയൽറ്റി അടപ്പിക്കാനുമുള്ള നിയമനിർമ്മാണം നടത്താൻ ജപ്പാൻ പ്രേരിപ്പിക്കുന്നു. സ്വതന്ത്ര വ്യാപാര കരാറുകളിലെ ചർച്ചകളിൽ ജപ്പാൻ ബൗദ്ധീക സ്വത്തവകാശം മുഖ്യ വിഷയമായി കൊണ്ടുവന്നിട്ടുണ്ട്. ജപ്പാൻ മലേഷ്യ (2005), ഫിലിപ്പൈൻസ് (2006), ഇന്തോനേഷ്യ (2007), തായ്ലാന്റ് (2007), വിയറ്റ്നാം (2008), ചിലി (2007) എന്നീ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെട്ടു. മലേഷ്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന്റെ ചർച്ചയിൽ ഉപ്പോവിന്റെ PVP വ്യവസ്ഥകൾ അംഗീകരിക്കാനുള്ള ജപ്പാന്റെ ആവശ്യം മലേഷ്യ നിരസിച്ചെങ്കിലും "അന്താരാഷ്ട്ര വ്യവസ്ഥകൾക്ക്" വിധേയമായി കുത്തക അവകാശങ്ങൾ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഇത് ഉപ്പോവ് വ്യവസ്ഥകൾ അംഗീകരിക്കുന്നതിന് തുല്ല്യമാണ്. ഫിലിപ്പൈൻസ് ആദ്യമായി സ്വതന്ത്ര വ്യാപാര കരാർ ഒപ്പിട്ടത് ജപ്പാനുമായിട്ടാണ്. പ്രസ്തുത കരാർപ്രകാരം വിത്തുകൾക്കുമേൽ ചിലരീതിയിലുള്ള PVP അനുവദിക്കാനും ജപ്പാന്റെ താൽപ്പര്യത്തിന് അനുസരിച്ച് കഴിയുന്നത്ര വിളകൾക്ക് അത് ബാധകമാക്കാനും ഫിലിപ്പൈൻസിന് ബാധ്യതയുണ്ട്.

### 6.2 ജനകീയ തലത്തിലെ പ്രതിരോധം

കർഷക വിരുദ്ധ വിത്തുനിയമങ്ങൾ കൊണ്ടുവരുന്ന കോർപ്പറേറ്റ് മാതൃക കൃഷിയെ പലയിടങ്ങളിലും ചെറുകിട കർഷകർ പ്രത്യേകിച്ച് വനിതാ കർഷകർ ചോദ്യം ചെയ്യുന്നു. ചെറുകിട കർഷകരുടെ നേതൃത്വത്തിൽ ജൈവ വൈവിധ്യത്തെ അടിസ്ഥാനമാക്കി പ്രകൃതിക്കിണങ്ങുന്ന കാർഷിക മാതൃകകൾ (BEA) വികസിപ്പിച്ചുകൊണ്ടാണ് ഒട്ടുമിക്കയിടങ്ങളിലും പ്രതിരോധം ശക്തിപ്പെടുന്നത്. സാമൂഹ്യ പങ്കാളിത്തത്തിൽ അടിസ്ഥിതവും, പരമ്പരാഗത വിത്തുകൾ സംരക്ഷിക്കുന്നതിൽ വനിതാ കർഷകരുടെ വൈദഗ്ദ്ധ്യത്തിന് പ്രമുഖ സ്ഥാനം നൽകുന്നതുമാണ് ഇത്തരം മാതൃകകൾ. സബ് സഹാറൻ ആഫ്രിക്കയിൽ പുരുഷൻമാരുടെ നാണ്യവിള തോട്ടങ്ങളുടെ അരികിൽ വനിതാ കാർഷകർ 120 ഓളം വ്യത്യസ്ഥ വിളകൾ കൃഷിചെയ്തുവരുന്നു. ബൊളീവിയ, കൊളംബിയ, പെറു എന്നീ ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ സ്ത്രീകൾ വിത്തുബാങ്കുകൾ നടത്തുന്നു. പരമ്പര്യ വിത്തുകളും കൃഷിരീതികളും പിന്തുടരുന്ന കർഷകർക്ക് കൂടുതൽ വിളവും വരുമാനവും ഭക്ഷ്യ സുരക്ഷയും ആരോഗ്യവും ഉണ്ടെന്ന് മാസിപാഗിന് കീഴിലുള്ള ഫിലിപ്പൈൻസ് കർഷകരും മറ്റ് കർഷക കേന്ദ്രീകൃത മാതൃകകളും തെളിയിക്കുന്നു. കർഷകർ വിത്തുത്പാദകരും സംരക്ഷകരുമായ BEA കൾ പ്രാദേശിക സമൂഹങ്ങൾക്ക് അവരുടെ വിഭവങ്ങൾക്കുമുകളിലും കാർഷിക രീതികൾക്കുമുകളിലും നിയന്ത്രണം നൽക്കുന്നതിനോടൊപ്പം കുത്തകകൾക്ക് അനുകൂലമായ വിത്തുനിയമങ്ങൾക്കെതിരായ ശക്തമായ പ്രതിഷേധവുമാണ്.

ഇന്ത്യയിലെയും ഫിലിപ്പൈൻസിലെയും കർഷകർ ജനിതക വിമുക്ത മേഖലകൾ പ്രഖ്യാപിക്കുകയും ഔദ്യോഗിക വിത്ത് ഉത്പാദന വിതരണ സംവിധാനം മുന്നോട്ടുവെക്കുന്ന കപട പരിഹാരങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്നു. ദക്ഷിണേന്ത്യയിൽ ഒട്ടുമിക്ക കർഷകരും സ്വന്തം കൃഷിയിടത്തിൽ ഉത്പാദിപ്പിച്ച വിത്തുകളാണ് ഉപയോഗിക്കുന്നതെന്ന് പ്രശസ്ത ജൈവകൃഷി ശാസ്ത്രജ്ഞൻ നമ്മാൾവർ പറയുന്നു. വീടുകളിലും, സാമൂഹ്യ ഉടമസ്ഥതയിലും വിത്തു ബാങ്കുകൾ ആരംഭിച്ച് പ്രാദേശിക വിത്തുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ഒട്ടനവധി വ്യക്തികളും സംഘടനകളും വിത്തു കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾക്കെ

തിരെ രംഗത്ത് വന്നിരിക്കുന്നു. അന്താരാഷ്ട്ര ജീൻ ബാങ്കുകളിൽ നിന്നും കർഷകന്റെ വിത്തുകൾ തിരിച്ചുകൊണ്ടുവരണമെന്ന വാദം ഇതേസമയം ഉയരുന്നു. അന്താരാഷ്ട്ര നെല്ലു ഗവേഷണ കേന്ദ്രം അടച്ചുപൂട്ടണം എന്ന ആവശ്യവും ഇതോടുചേർത്ത് വായിക്കേണ്ട താണ്.

കർഷകർ വിത്ത് സൂക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ഗുണനിലവാരം ഉറപ്പുവരുത്താൻ കർഷകർ ഇന്ത്യയിലെ ജൈവ കർഷക അസോസിയേഷന്റെ പാർട്ടിസിപ്പേറ്ററി ഗ്യരണ്ടി സിസ്റ്റവും (PGS), മാസിപാഗിന്റെ ഫാർമേഴ്സ് ഗ്യരണ്ടി സിസ്റ്റവും (FGS) പോലുള്ള സംവിധാനങ്ങളെ അവലംബിക്കുന്നു. ജപ്പാനിലെ കർഷകരാണെങ്കിൽ ദേശീയ കൃഷി കോർപ്പറേറ്റുകളുടെ സേവനങ്ങളിൽ മനംമടുത്ത് സ്വന്തമായി കോർപ്പറേറ്റുകൾ തുടങ്ങി മുന്നോട്ട് കൊണ്ടുപോകുന്നു. ഇതേസമയം ചൈനയിലെ ചില ഭാഗങ്ങളിൽ ഗ്രാമപ്രദേശങ്ങളിലെ ജൈവ കർഷകരും നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കളും തമ്മിൽ നെറ്റ്‌വർക്കുകൾ സ്ഥാപിച്ചുകഴിഞ്ഞു.ഇതുവഴി ഉത്പാദകരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ഇടപാടുകൾ സാധ്യമാകുന്നു. ഇതുപോലെ ഇന്തോനേഷ്യയിൽ കർഷകർ ഇന്തോനേഷ്യൻ ജൈവ കർഷക നെറ്റ്‌വർക്ക് രൂപീകരിച്ചു.



ഏഷ്യയിലും ലോകത്താകമാനവും ഒട്ടനവധി പൗര സമൂഹങ്ങളും കർഷക ജനകീയ പ്രസ്ഥാനങ്ങളും വിത്തുകൾക്കുമുകളിലുള്ള കോർപ്പറേറ്റുകളുടെ കുത്തകകൾക്കെതിരെ രംഗത്തിറങ്ങിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലും മേഖലാതലത്തിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും കർഷക സംഘടനകളും "ജീവനുമേൽ പേറ്റന്റ് അനുവദിക്കരുത്" എന്നാവശ്യപ്പെട്ട് ജനിതക വ്യതിയാനം വരുത്തിയ വിളകൾക്കെതിരെ സമരത്തിലാണ്. ഒരുപക്ഷേ ഏഷ്യൻ ഗ്രാമീണ സ്ത്രീകൾ ഉയർത്തുന്ന മുദ്രാവാക്യങ്ങൾ പ്രതിരോധത്തിന്റെ ഊഷ്മളത പ്രതിഫലിപ്പിക്കുന്നതാണ്. "സഹോദരിമാരേ, നഷ്ടപ്പെട്ടുപോകാതെ

വിത്തുകൾ നിങ്ങളുടെ കൈകളിൽ സൂക്ഷിക്കു'', അവർ ആഹ്വാനം ചെയ്യുന്നു.

**6.3 മുമ്പോട്ടുള്ള വഴി**

വിത്തുനിയമങ്ങൾക്കെതിരായ സമരവേദികളിൽ മുഴങ്ങി കേൾക്കുന്ന മുദ്രാവാക്യം ഭക്ഷ്യ പരമാധികാരം എന്നതാണ്. കർഷകരുടെ വിത്ത് സംരക്ഷണ രീതികളും കൈമാറ്റ സംവിധാനവും ഭക്ഷ്യസുരക്ഷക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. അതിനുപരി ഏഷ്യയിലെ ഭൂരിപക്ഷം വരുന്ന ചെറുകിട കർഷകരുടെ പ്രധാന വിത്ത് ശ്രോതസ്സാണ് കർഷക വിത്തുകൾ. കർഷകർക്കിടയിലെ ധാരണകളനുസരിച്ച് വിത്ത് ഉത്പാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്ന ഈ സംവിധാനമാണ് സമരത്തെ ദീർഘകാലത്തേക്ക് മുന്നോട്ട് കൊണ്ടുപോകാനുള്ള വഴി. അന്യായ നിയമങ്ങൾക്കെതിരായ സമരത്തെ നിലനിർത്തുകയും പിന്തുണക്കുകകൂടി ചെയ്താലേ ഇത് സാധ്യമാകൂ.



സമൂഹത്തിലെ വിത്തിന്റെ സംരക്ഷകരായ സ്ത്രീകൾ വിത്തുകൾ തിരഞ്ഞെടുക്കുന്നവരായും, സൂക്ഷിക്കുന്നവരായും പ്രചാരകരായും സമരത്തിന്റെ മുൻനിരയിൽ ഉണ്ടായിരിക്കണം. മേഖലയിലെ കർഷകരിൽ ഭൂരിഭാഗവും സ്ത്രീകളായതിനാൽ അന്യായ വിത്തു നിയമങ്ങളെ സ്ത്രീകൾക്കെതിരായ അക്രമമായി കാണണം. ബന്ധപ്പെട്ട നിയമങ്ങൾ കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്ക് തിരച്ചറിയാതെ രൂപീകരിക്കപ്പെടരുത്. പ്രസ്തുത കാര്യങ്ങളിൽ സ്ത്രീകളുമായി ചർച്ച നടത്തേണ്ടതുണ്ട്. വിത്തിനും ഇതര വിഭവങ്ങൾക്കുമേലുമുള്ള സ്ത്രീകളുടെ അവകാശം സംരക്ഷിക്കപ്പെടണം.

വിത്തുനിയമങ്ങൾ കർഷകരെയല്ല മറിച്ച് കോർപ്പറേറ്റുകളെയാണ് നിയന്ത്രിക്കേണ്ടത്. വിത്തുമായ ബന്ധപ്പെട്ട കാര്യങ്ങളിൽ എഴുതപ്പെട്ട നിയമങ്ങളെക്കാളും പ്രാധാന്യം പ്രാദേശിക വ്യവസ്ഥ

കൾക്കാണെന്ന വസ്തുത നാം ഉറപ്പാക്കേണ്ടതുണ്ട്. നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ പൊതുജനത്തിന് ലഭ്യമായിരിക്കണം.

ഇന്ത്യയടക്കം ചില രാജ്യങ്ങളിൽ വിവരാവകാശ നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് ഉപയോഗിച്ച് വിത്ത് നിയമവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. ഇതിനുപരി സമൂഹങ്ങളുടെ സംസ്ക്കാരത്തിനും അടിസ്ഥാന അവകാശങ്ങൾക്കും സംരക്ഷണം നൽകുന്ന ഭരണഘടന വ്യവസ്ഥകൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഐക്യരാഷ്ട്ര സഭയുടെ തദ്ദേശിയ ജനതയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രമാണവും, ജൈവ വൈവിധ്യ സംരക്ഷണ കൺവെൻഷനിലെ സമൂഹങ്ങളുടെ പരമാധികാരം ഉറപ്പുനൽകുന്ന വ്യവസ്ഥകളും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം.

വിത്തുനിയമങ്ങളെ കോടതിയിലും നേരിടേണ്ടതുണ്ട്. ജനകീയ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തണം. കർഷകന്റെ അവകാശങ്ങളെ വിത്തുനിയമങ്ങളിലൂടെ നിയമവിരുദ്ധമാക്കുന്ന പ്രവർത്തനങ്ങൾ തുടരുകയാണെങ്കിൽ ഇതിനെ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ (കൃഷിയിടങ്ങളിൽ തന്നെ) നടത്തേണ്ടതുണ്ട്.

അപ്പോൾ വിത്ത് സംരക്ഷണവും കൈമാറ്റവും പുതിയൊരു നിയമലംഘന പ്രസ്ഥാനമായി മാറും. പാരമ്പര്യ വിത്തുകൾ സംരക്ഷിക്കുന്നത് അവയ്ക്കുമേൽ കർഷകരുടെ അധികാരം ഉറപ്പാക്കുന്നതിനോടൊപ്പം ഭക്ഷ്യ സുരക്ഷയും സ്വയംഭരണവും ജൈവ വൈവിധ്യ സംരക്ഷണവും ഉറപ്പുവരുത്തും. ഈ പ്രവർത്തനങ്ങൾക്ക് ഇന്ന് സാമൂഹികവും പാരിസ്ഥിതികവും രാഷ്ട്രീയവുമായ പ്രാധാന്യം വന്നുചേർന്നിരിക്കുന്നു. ഈ ആവശ്യങ്ങളെ നിലനിൽക്കുന്ന നിയമത്തിന്റെയും നയത്തിന്റെയും ആടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതുണ്ട്.



## കർഷകന്റെ വിത്തു സ്വയാശ്രയത്വം ഉറപ്പുവരുത്തുന്നതായിരിക്കണം ഇന്ത്യൻ വിത്തുബില്ല്

**(വിത്ത് ബില്ലിനെ ആസ്പതമാക്കി നടന്ന ദേശിയ ശില്പശാലയിൽ തണൽ അവതരിപ്പിച്ച കുറിപ്പ്)**

കൃഷിയുടെയും ഭക്ഷ്യസുരക്ഷയുടെയും അടിസ്ഥാനമാണ് വിത്ത്. സമീപകാലത്ത് വിത്ത് ചൂടേറിയ ചർച്ചകൾക്ക് വിഷയമായി. നാൾക്കുനാൾ വർദ്ധിക്കുന്ന വില, സ്വകാര്യ കമ്പനികളുടെ നിയന്ത്രണം, ഗുണനിലവാരമുള്ള വിത്തിന്റെ ലഭ്യതക്കുറവ്, ജനിതക മാറ്റം വരുത്തിയ വിത്തുകളുടെ അവതരണം, വിത്തുകളുടെ വൈവിധ്യ ശോഷണം, ബൗദ്ധീക സ്വത്തവകാശ നിയമങ്ങൾ-വിത്തുമായി ബന്ധപ്പെട്ട വിവാദങ്ങൾ തുടരുന്നു.

ജൈവവൈവിധ്യ സമ്പന്നമായ ഇന്ത്യയിൽ വ്യത്യസ്ത ഭൂമിശാസ്ത്ര, കാലാവസ്ഥാ സാഹചര്യങ്ങൾക്ക് അനുയോജ്യമായ അനേകായിരം വിത്തുകൾ ലഭ്യമാണ്. രാജ്യത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ ഇത്തരം വിത്തുകൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രധാന കാർഷിക മേഖലകളിൽനിന്നും കഴിഞ്ഞ 40 വർഷത്തിനിടയിൽ ഇവ തുടച്ചുനീക്കപ്പെട്ടു. കർഷകർ വിത്തുകൾക്കുവേണ്ടി വിപണിയുടെ ആശ്രിതരായി എന്നതാണ് ഇതിന്റെ ഫലം. അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ സർക്കാർ തലത്തിലുള്ള പ്രോത്സാഹനവും ലിമിറ്റഡ് ജെർമിനേഷൻ സിസ്റ്റം ഫോർ സീഡ് മൾട്ടിപ്ലിക്കേഷനുമായിരുനു (ഇത്തരത്തിൽ വികസിപ്പിച്ചെടുത്ത വിത്തുകളുടെ പരിമിതമായ തലമുറകൾക്കുമാത്രമാണ് ഉയർന്ന മേനി നൽകാൻ കഴിയുക) ഇതിന് കാരണം. വിത്തിന്റെ വില നിയന്ത്രിക്കാതെ മറ്റൊരു വഴിയിൽ സ്വകാര്യ വിത്തുകമ്പനികളെ നിലമറന്ന് സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. വിലകുറവായതിനാൽ സർക്കാർ വിത്തുകൾക്ക് ഉയർന്ന ഡിമാന്റ് ഉണ്ടെങ്കിലും വിതരണം പരിമമതമാണ്. ഇത് സ്വകാര്യ കമ്പനികൾക്ക് അനുഗ്രഹമായി മാറി. കാർഷിക പരിഷ്ക്കാരങ്ങൾക്ക് കർഷകർ ഇരയായിതീർന്നിരിക്കുന്നു.

അത്യുത്പാദന ശേഷിയുള്ള വിത്തുകൾ ഇനി പഴങ്കഥയാണ്. ഹൈബ്രിഡ് വിത്തുകളിലേക്കും ജനിതക മാറ്റം വരുത്തിയ വിത്തുകളിലേക്കും സ്വകാര്യ കമ്പനികൾ മാറിക്കഴിഞ്ഞു. തത്ഫലമായി വിത്തുവില ക്രമാതീതമായി വർദ്ധിക്കുകയും വിത്തിന്റെ വിത

രണത്തിൽ കുത്തക രൂപപ്പെടുകയും ചെയ്തു. കമ്പനികൾ ഇത്തരം വിത്തുകൾക്കുമുകളിൽ ബൗദ്ധീക സ്വത്തവകാശം ആസ്വദിക്കുന്നതിനാൽ കർഷകർ വിത്തുകമ്പനികളുടെ ആശ്രിതരായി മാറുന്നു. ജനിതക മാറ്റം വരുത്തിയ പരുത്തി വിത്തുകളാണ് ആദ്യമായി ഇന്ത്യൻ വിപണിയിലിറങ്ങിയത്. പരുത്തിയെ പിന്തുടർന്ന് ധാന്യങ്ങൽ ഉൾപ്പെടെ മറ്റു വിളകളിലേക്കും ജനിതക സാങ്കേതിക വിദ്യയുമായി കമ്പനികൾ പ്രവേശിക്കാൻ വേണ്ട ഗവേഷണങ്ങൾ നടക്കുന്നു. രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷയെ തകർക്കുന്ന വിപത്തായി ഇതിനെ കാണേണ്ടതുണ്ട്.

മറുവശത്ത് പത്തു-പതിനഞ്ച് വർഷങ്ങളായി കർഷകർ പാരമ്പര്യ വിത്തുകളെ തിരിച്ചുകൊണ്ടുവരാനുള്ള യജ്ഞത്തിലാണ്. പ്രകൃതി നിർദ്ധാരണത്തിന്റെയും കർഷകന്റെ വിവേകപൂർണ്ണമായ തിരഞ്ഞെടുപ്പിന്റെയും ഫലമായി ഉരുത്തിരിഞ്ഞുവന്ന ഇത്തരം വിത്തുകൾക്ക് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയും. കീട-രോഗ പ്രതിരോധശേഷിയുള്ള ഇത്തരം വിത്തുകൾക്ക് ഉത്പാദനചിലവ് കുറവാണ്. അത്യുത്പാദന ശേഷിയുള്ള വിത്തുകൾക്ക് പ്രതികൂല സാഹചര്യങ്ങളിൽ വളരാൻ കഴിയില്ല എന്നതിനൊപ്പം ഉത്പാദന ചിലവ് കൂടുതലുമാണ്. ഇക്കാരണങ്ങളാൽ പ്രാദേശിക സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിവുള്ള വിത്തിനങ്ങൾക്ക് പ്രധാന്യമേറുന്നു.

അത്യുത്പാദന ശേഷിയുള്ള വിത്തുകളിൽനിന്നും പാരമ്പര്യ വിത്തുകളിലേക്കുള്ള കർഷകരുടെ മടക്കയാത്രക്ക് പ്രേരണ രാജ്യത്തിന്റെ വിവിധ കോണുകളിൽ വികാസം പ്രാപിച്ച പ്രസ്ഥാനങ്ങളാണ്. തത്ഫലമായി പാരമ്പര്യവിത്തുകൾ സംരക്ഷിക്കുന്നതിനോടൊപ്പം അവയുടെ സ്വഭാവ നിർണ്ണയം, ശുദ്ധീകരണം, ഗുണനിലവരം വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൽ പുരോഗമിക്കുന്നു. സർക്കാർ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പോലും ഇത്തരം പ്രസ്ഥാനങ്ങളുമായി സഹകരിക്കുന്നുണ്ട്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് 2004 ൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച വിത്തുബില്ല് ചർച്ചചെയ്യേണ്ടത്. പാരമ്പര്യ വിത്തുകളെ തിരിച്ചുകൊണ്ടുവരുവാനും, പ്രോത്സാഹിപ്പിക്കാനുമുള്ള കർഷകരുടെയും പൗരസമൂഹത്തിന്റെയും പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം വിത്തുനിയമങ്ങൾ.

കർഷകരെ വിത്ത് ഉത്പാദകരായി അംഗീകരിക്കണം. പരമപ്രധാനമായി സുസ്ഥിരവും പരസ്പര പ്രോത്സാഹനവുമായ രീതിയിൽ വിത്ത് ഉത്പാദിപ്പിച്ച് വരുംകാലങ്ങളിലേക്ക് കൈമാറുന്ന കർഷക പ്രയത്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാകണം സർക്കാരിന്റെ പ്രവർത്തനങ്ങൾ. ശക്തമായ എതിർപ്പിനെ തുടർന്ന് ബില്ല് 2004 ൽ പാസാക്കിയില്ലെങ്കിലും ആറ് വർഷങ്ങൾക്കുശേഷം ഭേദഗതികൾ വരുത്തി 2010 ൽ വീണ്ടും അവതരിപ്പിച്ചു. ലോകവ്യാപകമായി വിത്തു നിയമങ്ങൾ കർഷകന്റെ അവകാശങ്ങളെ നിഷേധിക്കുന്ന പശ്ചാത്തലത്തിൽ ഇന്ത്യൻ വിത്തു ബില്ലും വിച്ഛിന്തനം ചെയ്യപ്പെടണം.

നിലവിലെ രൂപത്തിൽ വിത്തുബില്ല് വിത്തിനങ്ങളുടെ വാണിജ്യകാര്യങ്ങൾ മാത്രമേ പ്രോത്സാഹിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുള്ളൂ. ഉത്പാദനം, ഗുണമേന്മ, വ്യാപാരം, ഇറക്കുമതി, കയറ്റുമതി തുടങ്ങി സ്വകാര്യ മേഖലയിൽ നടക്കുന്ന വിത്തു വ്യാപാരത്തെ നിയന്ത്രിക്കുന്നതാണ് ബില്ല്. ബില്ലുമായി ഉയർന്നുവന്ന ചില ആശങ്കകൾ 2010 നടത്തിയ ഭേദഗതിവഴി ദൂരീഹരിക്കപ്പെട്ടുവെങ്കിലും നിരവധി പ്രശ്നങ്ങൾ ബാക്കിനിൽക്കുന്നു. വിലനിയന്ത്രണം, നയപരമായ തീരുമാനങ്ങൾ സ്വീകരിക്കുവാനുള്ള സംസ്ഥാനങ്ങളുടെ അവകാശം, ഇറക്കുമതി ചെയ്യുന്ന വിത്തുകൾക്ക് ചുമത്തേണ്ട നിയന്ത്രണങ്ങൾ, കൃഷി പരാജയപ്പെടുന്ന പക്ഷം കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങൾക്ക് ഇപ്പോഴും പരിഹാരമായിട്ടില്ല. പരുത്തി വിത്തുകളുടെ റോയൽറ്റി, വിലനിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ആന്ധ്രാപ്രദേശ് സർക്കാറുമായി മോൺസാന്റോനടത്തിയ നിയമയുദ്ധത്തിൽ ജയിച്ചത് മേൺസാന്റോയാണെന്നത് ആശങ്കാജനകമാണ്. മോൺസാന്റോ വികസിപ്പിച്ചെടുത്ത ജനിതക വ്യതിയാനം വരുത്തിയ പരുത്തിയാണ് ഇന്ത്യയിൽ വ്യാപകമായി കൃഷിചെയ്യുന്നത്.

വിത്തുനിയമം അനുസരിച്ച് വിലനിയന്ത്രണം കേന്ദ്ര സർക്കാറിന്റെ പോലും പരിധിയിൽ വരുന്നില്ല. കമ്പനികൾ പരുത്തി വിത്തിന്റെ വില ക്രമാതീതമായി വർദ്ധിപ്പിക്കുമ്പോഴും നിയന്ത്രിക്കാൻ സംസ്ഥാനസർക്കാറുകൾക്ക് കഴിയുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ചില സംസ്ഥാനങ്ങൾ സുസ്ഥിര കാർഷിക മാതൃകകൾ വികസിപ്പിക്കുവാനുള്ള ശ്രമത്തിലാണ്. ആധുനിക വിത്തുകളെ അപേക്ഷിച്ച് നിശ്ചിത വിളവും വരുമാനവും ഉറപ്പുവരുത്താൻ

പാരമ്പര്യവിത്തുകൾക്ക് കഴിയുന്നു എന്നത് തെളിയിക്കപ്പെട്ടതാണ്. കേരള സർക്കാർ ജൈവ വൈവിധ്യ നയം പാസാക്കിയിരിക്കുന്നു. സുസ്ഥിര കാർഷിക മേഖലകളെ ശക്തിപ്പെടുത്തിക്കൊണ്ട് വിത്ത് ഉത്പാദനത്തിൽ സ്വയം പര്യാപ്തതയും വിത്ത് പരമാധികാരവും നേടിയെടുക്കുവാനാണ് കേരള സർക്കാർ വിഭാവനം ചെയ്യുന്നത്. വിലയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ കർഷകർ വിപണിയിൽനിന്നും വിത്തുകൾ വാങ്ങിയുപയോഗിക്കുന്നത് ഭക്ഷ്യ സുരക്ഷയെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമല്ല. കാലാവസ്ഥാ വ്യതിയാനവും കാലാവസ്ഥയിലെ ക്ലിപ്തതയില്ലായ്മയും ആശങ്ക വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ കാർഷിക സർവകലാശാലകൾ കർഷകരുമായി സഹകരിച്ച് പാരമ്പര്യ വിത്തുകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

സുരക്ഷിത ഭക്ഷണത്തിനായുള്ള ആവശ്യം രാജ്യവ്യാപകമായി ഉയർന്നുവരുന്നു. പാരമ്പര്യ ഭക്ഷണത്തെ ഇഷ്ടപ്പെടുന്ന ഒട്ടനവധി ആളുകളുണ്ട്. പാരമ്പര്യ ഭക്ഷണങ്ങൾ പോഷക സമൃദ്ധവും രോഗപ്രതിരോധ ശേഷി പ്രദാനം ചെയ്യുമെന്നും പഠനങ്ങൾ തെളിയിച്ചിരിക്കുന്ന സാഹചര്യത്തിൽ ജൈവ വൈവിധ്യത്തെ സംരക്ഷിച്ചുകൊണ്ട് രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷയും ഭക്ഷ്യ പരമാധികാരവും ഉറപ്പുവരുത്താൻ വിത്തുബില്ലിൽ മാറ്റങ്ങൾ അനിവാര്യമാണ്. രണ്ട് തലത്തിൽനിന്നും വേണം വിത്തുബില്ലിൽ മാറ്റങ്ങൾ കൊണ്ടുവരാൻ. ഒന്നാമതായി പാരമ്പര്യ വിത്തുകൾ സംരക്ഷിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും കൂടാതെ വിത്ത് ഉത്പാദിപ്പിക്കാൻ കർഷകനെ അനുവദിക്കുന്നതുമായിരിക്കണം. രണ്ടാമത് വിത്തു കമ്പനികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിലൂടെ കർഷകന്റെ അവകാശങ്ങളെ സംരക്ഷിച്ച് സ്വയംപര്യാപ്തത ഉറപ്പുവരുത്തണം. മാതൃകാപരമായ വിത്തുബില്ല് താഴെപറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളണം.

- ആവശ്യമായ വിത്തുകൾ ന്യായമായ നിരക്കിൽ കർഷകർക്ക് ഉറപ്പുവരുത്തേണ്ടത് സർക്കാറിന്റെ ധാർമീക ഉത്തരവാദിത്വമാണ്.
- വിത്ത് ഒരു വിപണന വസ്തുവല്ല-ഭക്ഷ്യ സുരക്ഷയുടെയും രാഷ്ട്രീയ പരമാധികാരത്തിന്റെയും അടിസ്ഥാനമാണ്.

- ➢ പ്രാദേശിക സാഹചര്യങ്ങളോട് പ്രതികരിക്കുന്ന, കീട-രോഗ പ്രതിരോധശേഷിയുള്ള നാടൻ വിത്തുകൾ ലഭ്യമാക്കണം.
- ➢ വിത്തുവൈവിധ്യവും പാരമ്പര്യവും സംരക്ഷിക്കണം.
- ➢ ചിലവുകുറഞ്ഞ സുസ്ഥിര കാർഷിക വ്യവസ്ഥ പ്രോത്സാഹിപ്പിക്കപ്പെടണം.
- ➢ വിത്ത് ഉത്പാദിപ്പിക്കുവാനുള്ള കർഷകന്റെ അവകാശങ്ങൾ സംരക്ഷിക്കണം.
- ➢ കുത്തകയും ബൗദ്ധീക സ്വത്തവകാശവും അനുവദിക്കരുത്.
- ➢ വിത്ത് ഉത്പാദനം വിതരണം വിലനിയന്ത്രണം തുടങ്ങിയ മേഖലകളിൽ സംസ്ഥാനങ്ങൾക്ക് പരമാധികാരം ഉണ്ടായിരിക്കണം.
- ➢ വിത്ത് വ്യാപാരം, ഇറക്കുമതി, കയറ്റുമതി തുടങ്ങിയ വിഷയങ്ങൾ സംസ്ഥാനങ്ങളുടെ പരിധിയിലായിരിക്കണം.
- ➢ നിയന്ത്രണം, നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങൾ ജില്ലാ-സംസ്ഥാന തലങ്ങളിൽ തീർപ്പുകൽപ്പിക്കണം.

# ABBREVIATIONS

BADC - Bangladesh Agriculture Development Corporation

BEA- Biodiversity Based Ecological Agriculture

BFID - Britain's Department For International Development

BRAC - Bangladesh Rural Advancement Committee

CGIAR - Consultative Group on International Agriculture Research

DUS - Distinct Uniform Stable

FAO - Food and Agriculture Organisation

FGS - Farmers Guarantee System

FSS - Farmer Saved Seeds

FTA - Free Trade Agreement

HV DA - High Value Crop Development Act

HRDC - Hybrid Rice Development Consortium

ICARDA - International Centre for Agriculture Research in Dry Areas

ICRIAT - International Crop Research Institute for the Semi- Arid Tropics

IPR- Intellectual Property Rights

IRRI - International Rice Research Institute

ISTA - International Seed Testing Association

ITPGRFA - The International Treaty on Plant Genetic Resources for Food and Agriculture

MARDI - National Agriculture Research and Development Agency-Malaysia

MV - Modern Variety

NARS - National Agriculture Research Station

NSC - National Seed Corporation

PETRRA - Poverty Elimination Through Rice Research Assistance

PGS - Participatory Guarantee System

PVP - Plant Varieties Protection

SADC - South African Development Community

TLS - Truthfully Labelled Seeds

TRIPS - Trade Related Intellectual Property Rights

UPOV - International Union for the protection of New Varieties of Plants

USAID - United States Aid for International Development

VCU - Value for Cultivation Test

WTO - World Trade Organisation

# നമ്മുടെ നെല്ല് നമുക്ക് സംരക്ഷിക്കാം

## (Save Our Rice Campaign)

ഇന്ത്യയിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഭക്ഷണമാണ് അരി. ലക്ഷകണക്കിന് ആളുകളുടെ ഉപജീവനമാർഗ്ഗമാണ് നെൽകൃഷി. ഇതിനുപരി അരിയെന്നത് വലിയൊരു ജനസമൂഹത്തിന്റെ സംസ്കാരമായും ബന്ധപ്പെട്ടിരിക്കുന്നു. നെൽകൃഷിയും നെല്ലിന്റെ വൈവിധ്യവുമായി ബന്ധപ്പെട്ട ഒട്ടേറെ അറിവുകളും ആചാരങ്ങളുമാണ് വിവിധസംസ്ഥാനങ്ങളിൽ നിലവിലുള്ളത്. വ്യത്യസ്ഥതയാർന്ന ഭൂവിഭാഗങ്ങളിലാണ് നെൽകൃഷിചെയ്തുവരുന്നത്. കുട്ടനാട് തൊട്ട് ഹിമാലയം വരെ, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഉപ്പ് കയറുന്ന നീർതടങ്ങളിലും വരണ്ട പ്രദേശങ്ങളിലും മലൻചരിവുകളിലും എല്ലാം വ്യത്യസ്ഥയിനം നെൽവിത്തുകൾ കർഷകർ തിരഞ്ഞെടുത്ത് കൃഷിചെയ്തു വരുന്നു.

കഴിഞ്ഞ കുറെ കാലങ്ങളായി നെൽകൃഷിയും കർഷകരും ഒട്ടെറെ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നെൽവയലുകളുടെ നാശം നെൽവിത്തുകൾ സ്വന്തമാക്കാനുള്ള കുത്തകകമ്പനികളുടെ ശ്രമങ്ങൾ, രാസകൃഷിഉയർത്തുന്ന പ്രശ്നങ്ങൾ, നെൽകർഷകരുടെ വരുമാനകുറവ്, സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അരിയുടെ ഗുണനിലവാരതകർച്ച..... തുടങ്ങി വിവിധപ്രശ്നങ്ങളാണ് നെല്ലിന്റെ മുന്നോട്ടുള്ള നിലനില്പിനെ ബാധിക്കുന്നത്.

ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാനും നെല്ലിന്റെ സംസ്കാരം നിലനിർത്താനുവേണ്ടി ജനങ്ങളുടെ കൂട്ടായ്മ ഉണ്ടാക്കിയെടുക്കാനുള്ള ഒരു ശ്രമമാണ് Save Our Rice Campaign. 2004 ൽ തുടങ്ങിയ ഈ ക്യാമ്പയിൻ കേരളമുൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലാണ് ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രധാനലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

- നാടൻ നെൽവിത്തിനങ്ങളുടെ സംരക്ഷണവും പ്രചാരണവും.
- നെൽകർഷകരുടെ സമൂഹത്തിലെ സ്ഥാനവും, വരുമാനവും വർദ്ധിപ്പിക്കുക.
- നെൽവയലുകളുടെ പ്രധാന്യവും വൈവിധ്യവും നിലനിർത്തുക.
- ജൈവവൈവിധ്യത്തെ അടിസ്ഥാനപ്പെടുത്തിട്ടുള്ള കാർഷിക സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക.
- നെൽകൃഷിയുടെ തുടർച്ചക്കായി കുട്ടികളുടെയും ചെറുപ്പക്കാരുടെയും കൂട്ടായ്മകൾ വളർത്തിയെടുക്കുക.
- നെൽകൃഷിയിൽ സ്ത്രീകളുടെ സ്ഥാനം പുനസ്ഥാപിക്കുക.
- രാസവസ്തുക്കൾ ജനിതകമാറ്റം വരുത്തിയ വിത്തുകളും വർജ്ജിക്കുക.
- സുരക്ഷിതവും ശുദ്ധവുമായ ഭക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക.
- നെൽകൃഷിയുടെ സംസ്കാരം പ്രചരിപ്പിക്കുക.
- നെല്ലുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ നിലനിർത്തുക.


बी.टी. बैंगन